പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 48

# 2017-ലെ കേരള ധനകാര്യ ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2017

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 48

# 2017-ലെ കേരള ധനകാര്യ ബിൽ

674/2017.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 48

# 2017-ലെ കേരള ധനകാര്യ ബിൽ

## 2017-2018 സാമ്പത്തിക വർഷത്തേക്കുള്ള കേരള സർക്കാരിന്റെ ചില ധനകാര്യ നിർദ്ദേശങ്ങൾക്ക് പ്രാബല്യം നൽകുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2017-2018 സാമ്പത്തിക വർഷത്തേക്കുള്ള കേരള സർക്കാരിന്റെ ചില ധനകാര്യ നിർദ്ദേശങ്ങൾക്ക് പ്രാബല്യം നൽകേണ്ടത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയെട്ടാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേര്.—ഈ ആക്റ്റിന് 2017-ലെ കേരള ധനകാര്യ ആക്റ്റ് എന്ന് പേര് പറയാം.

2. 1959-ലെ 17-ാം ആക്റ്റിന്റെ ഭേദഗതി.—1959-ലെ കേരള മുദ്രപ്പത്ര ആക്റ്റിൽ (1959-ലെ 17),—

(1) 2-ാം വകുപ്പിൽ,

(എ) (ഇ) ഖണ്ഡത്തിൽ, "ഒട്ടിച്ചതോ അടിച്ചതോ ആയ മുദ്രയുണ്ടെന്നും" എന്ന വാക്കുകൾക്കു പകരം "ഒട്ടിച്ചതോ അടിച്ചതോ ആയ മുദ്രയോ അല്ലെങ്കിൽ ഇ-മുദ്രയോ ഉണ്ടെന്നും" എന്ന വാക്കുകളും ചിഹ്നവും ചേർക്കേണ്ടതാണ്;

(ബി) (ഇ) ഖണ്ഡത്തിനുശേഷം താഴെ പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത് :—

"(ഇഎ) "ഇ-മുദ്ര" എന്നാൽ കേരള സർക്കാർ ഈ ആവശ്യത്തിലേക്കായി മുദ്രവില ചുമത്തിയതായി സൂചിപ്പിക്കുന്നതിന് ഒരു ഇലക്ട്രോണിക്ക് സംവിധാനം വഴി രൂപപ്പെടുത്തിയിട്ടുള്ള അച്ചടി മുദ്ര എന്ന് അർത്ഥമാകുന്നു;";

(സി) (പി) ഖണ്ഡത്തിന് ശേഷം താഴെ പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത് :—

"(പിഎ) "രജിസ്റ്ററിംഗ് ഉദ്യോഗസ്ഥൻ" എന്നാൽ 1908-ലെ രജിസ്ട്രേഷൻ ആക്റ്റിലെ (1908-ലെ XVI-ാം കേന്ദ്ര ആക്റ്റ്), 6-ാം വകുപ്പിൻ കീഴിൽ നിയമിച്ചിട്ടുള്ള ഉദ്യോഗസ്ഥൻ എന്നർത്ഥമാകുന്നു;";

(ഡി) (ക്യൂക്യൂ) ഖണ്ഡത്തിൽ,—

(i) "അടയാളമോ, മുദ്രയോ അല്ലെങ്കിൽ പ്രമാണീകരണമോ" എന്ന വാക്കുകൾക്കുപകരം "അടയാളമോ, മുദ്രയോ, പ്രമാണീകരണമോ, മുദ്രണമോ അല്ലെങ്കിൽ ഇ-മുദ്രയോ" എന്ന വാക്കുകളും ചിഹ്നവും ചേർക്കേണ്ടതാണ്;

(ii) "ഒട്ട് മുദ്രയോ അടിച്ചമുദ്രയോ" എന്ന വാക്കുകൾക്കു പകരം "ഒട്ട് മുദ്രയോ അടിച്ചമുദ്രയോ, ഇ-മുദ്രയോ" എന്ന വാക്കുകളും ചിഹ്നവും ചേർക്കേണ്ടതാണ്;

(2) 10-ാം വകുപ്പിൽ, (2)-ാം ഉപവകുപ്പിന്റെ (ബി) ഖണ്ഡത്തിൽ "അടിച്ച മുദ്രയുള്ള" എന്ന വാക്കുകൾക്ക് പകരം "അടിച്ച മുദ്രയോ ഇ-മുദ്രയോ ഉള്ള" എന്ന വാക്കുകളും ചിഹ്നങ്ങളും ചേർക്കേണ്ടതാണ്.

(3) 10 എ വകുപ്പിന് ശേഷം താഴെ പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"10 ബി. കേന്ദ്ര റെക്കോർഡ് സൂക്ഷിപ്പ് ഏജൻസിയുടെ നിയമനം.— സർക്കാരിന്, ഔദ്യോഗിക ഗസറ്റ് വിജ്ഞാപനം വഴി, ട്രഷറി വകുപ്പിനെ കേന്ദ്ര റിക്കാർഡ് സൂക്ഷിപ്പ് ഏജൻസിയായി നിയമിക്കാവുന്നതും അതിന് ഇ-മുദ്ര വിതരണം ചെയ്യുന്നത് സംബന്ധിച്ച് നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള കർത്തവ്യങ്ങളും ചുമതലകളും ഉണ്ടായിരിക്കുന്നതുമാണ്.

(4) 12-ാം വകുപ്പിനുശേഷം താഴെ പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"12 എ. ഇ-മുദ്ര റദ്ദാക്കൽ.—(1) രജിസ്റ്ററിംഗ് ഉദ്യോഗസ്ഥനോ അല്ലെങ്കിൽ സർക്കാർ ഇതിലേക്കായി അധികാരപ്പെടുത്തിയ മറ്റ് ഏതെങ്കിലും ഉദ്യോഗസ്ഥനോ, അത് വീണ്ടും ഉപയോഗിക്കാൻ സാധ്യമല്ലാത്തവിധം ഓൺലൈൻ വെരിഫിക്കേഷൻ സംവിധാനം വഴി ഒരു കരണത്തിലെ ഏതെങ്കിലും ഇ-മുദ്ര നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം, റദ്ദാക്കേണ്ടതാണ്.

(2) റദ്ദാക്കപ്പെടാത്ത ഒരു ഇ-മുദ്ര പതിച്ച ഏതെങ്കിലും കരണം, അപ്രകാരമുള്ള മുദ്ര സംബന്ധിച്ചിടത്തോളം, മുദ്ര പതിച്ചതല്ലാത്തതായി കരുതപ്പെടുന്നതാണ്.".

(5) 13-ാം വകുപ്പിൽ,—

(എ) മാർജിനൽ ശീർഷകത്തിൽ, "അടിച്ച മുദ്രയുള്ള" എന്ന വാക്കുകൾക്കു പകരം "അടിച്ച മുദ്രയുള്ളതോ ഇ-മുദ്രയുള്ളതോ ആയ" എന്ന വാക്കുകളും ചിഹ്നവും ചേർക്കേണ്ടതാണ്;

(ബി) നിലവിലുള്ള വ്യവസ്ഥയിൽ, "അടിച്ച മുദ്രയുള്ള" എന്ന വാക്കുകൾക്കു പകരം "അടിച്ച മുദ്രയോ ഇ-മുദ്രയോ ഉള്ള" എന്ന വാക്കുകളും ചിഹ്നവും ചേർക്കേണ്ടതാണ്;

(6) 47-ാം വകുപ്പിൽ, "അടിച്ച മുദ്രസാധനങ്ങൾക്ക് " എന്ന വാക്കുകൾക്കുപകരം "അടിച്ച മുദ്രകൾക്ക് അല്ലെങ്കിൽ ഇ-മുദ്രകൾക്ക് " എന്ന വാക്കുകളും ചിഹ്നവും ചേർക്കേണ്ടതാണ്;

(7) 69-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പിൽ, (എ) ഖണ്ഡത്തിന് ശേഷം, താഴെ പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത് :—

"(എഎ) ഇ-പേയ്മെന്റ് മുഖേന മുദ്രവില നൽകുന്നതിന്റെയും തിരികെ നൽകുന്നതിന്റെയും രീതി".

3. <u>1963-ലെ 15-ാം ആക്റ്റിന്റെ ഭേദഗതി.</u>—1963-ലെ കേരള പൊതു വില്പന നികുതി ആക്റ്റിൽ (1963-ലെ 15), 23 <u>ബി</u> വകുപ്പിൽ,—

(എ) (3)-ാം ഉപവകുപ്പിൽ, "2017 ഫെബ്രുവരി 28" എന്ന വാക്കുകൾക്കും അക്കങ്ങൾക്കും പകരം "2017 ഡിസംബർ 31" എന്ന വാക്കുകളും അക്കങ്ങളും ചേർക്കേണ്ടതാണ്;

(ബി) (4)-ാം ഉപവകുപ്പിൽ, "2017 ഫെബ്രുവരി 28-ാം തീയതിയോ" എന്ന വാക്കുകൾക്കും അക്കങ്ങൾക്കും പകരം "2017 ഡിസംബർ 31-ാം തീയതിയോ" എന്ന വാക്കുകളും അക്കങ്ങളും ചേർക്കേണ്ടതാണ്;

(സി) (8)-ാം ഉപവകുപ്പിന് ശേഷം, താഴെ പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

"(9) അപേക്ഷകൻ 2016-17 വർഷത്തിൽ ഓപ്ഷൻ ഫയൽ ചെയ്യുകയും എന്നാൽ ഈ വകുപ്പനുസരിച്ച് മുഴുവൻ തുകയും അടയ്ക്കുന്നതിൽ വീഴ്ച വരുത്തുകയും ചെയ്യുന്നപക്ഷം, മുൻ ഓപ്ഷൻ പ്രകാരം നൽകിയ തുക പുതിയ ഓപ്ഷൻ പ്രകാരം നൽകിയ തുകയായി കണക്കാക്കേണ്ടതാണ്.".

4. <u>1976-ലെ 32-ാം ആക്റ്റിന്റെ ഭേദഗതി.</u>—1976-ലെ കേരള ആഡംബരങ്ങളിന്മേലുള്ള നികുതി ആക്റ്റിലെ (1976-ലെ 32), 10 <u>ബി</u> വകുപ്പിന് പകരം താഴെ പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

"10 <u>ബി. ചില സംഗതികളിൽ കുടിശ്ശിക കുറവ് ചെയ്യൽ.</u>—(1) ഈ ആക്റ്റിലോ അതിൻകീഴിൽ ഉണ്ടാക്കപ്പെട്ടിട്ടുള്ള ചട്ടങ്ങളിലോ അല്ലെങ്കിൽ ഏതെങ്കിലും കോടതിയുടെയോ ട്രിബ്യൂണലിന്റെയോ അപ്പലേറ്റ് അതോറിറ്റിയുടെയോ ഏതെങ്കിലും

വിധിന്യായത്തിലോ ഡിക്രിയിലോ ഉത്തരവിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, 2011 മാർച്ച് 31-ാം തീയതി അവസാനിക്കുന്ന കാലയളവുമായി ബന്ധപ്പെട്ട് ഈ ആക്റ്റ് പ്രകാരം നികുതിയോ മറ്റ് ഏതെങ്കിലും തുകയോ കുടിശ്ശിക വരുത്തിയിട്ടുള്ള ഒരു നികുതിദായകന് കുടിശ്ശികയുള്ള മുഖ്യനികുതി തുകയും മുപ്പത് ശതമാനം പിഴതുകയും ഒടുക്കി നികുതി തുകയിന്മേലുള്ള പലിശയും പിഴ തുകയും അതിന്മേലുള്ള പലിശയും മുഴുവൻ കുറവുചെയ്യലും പ്രയോജനപ്പെടുത്തി കുടിശ്ശിക തീർപ്പാക്കുന്നതിനുവേണ്ടി ഓപ്റ്റ് ചെയ്യാവുന്നതാണ്.

(2) 1968-ലെ കേരള നികുതിവസൂലാക്കൽ ആക്റ്റിൽ (1968-ലെ 15), എന്തുതന്നെ അടങ്ങിയിരുന്നാലും, (1)-ാം ഉപവകുപ്പുപ്രകാരമുള്ള കുടിശ്ശിക കുറവുചെയ്യൽ, നികുതി വസൂലാക്കൽ നടപടികൾ ആരംഭിച്ചിട്ടുള്ള സംഗതികളിൽ ബാധകമാകുന്നതും, അങ്ങനെയുള്ള തുകകൾ നികുതിനിർണ്ണയ അധികാരികൾക്ക് (1)-ാം ഉപവകുപ്പ് പ്രകാരമുള്ള തീർപ്പാക്കൽ പ്രകാരം ഈടാക്കാൻ അധികാരമുണ്ടായിരിക്കുന്നതും (1)-ാം ഉപവകുപ്പുപ്രകാരം തുക തീർപ്പാക്കുന്നിടത്ത്, നികുതി നിർണ്ണയ അധികാരികൾ അങ്ങനെയുള്ള നികുതിദായകർക്ക് എതിരെയുള്ള നികുതിവസൂലാക്കൽ നടപടികൾ പിൻവലിക്കേണ്ടതും അപ്പോൾ മുതൽ അത് റവന്യൂ അധികാരികൾക്ക് ബാധകമായിരിക്കുന്നതും അങ്ങനെയുള്ള നികുതിദായകർ ഏതെങ്കിലും കളക്ഷൻ ചാർജ്ജുകൾ നൽകാൻ ബാദ്ധ്യസ്ഥരായിരിക്കുന്നതല്ലാത്തതുമാകുന്നു.

(3) ഈ വകുപ്പ് പ്രകാരം കുടിശ്ശിക അടയ്ക്കാൻ ഓപ്റ്റ് ചെയ്യുന്നതിനായി, നികുതിദായകൻ ഏതെങ്കിലും അപ്പലേറ്റ് അല്ലെങ്കിൽ റിവിഷണൽ അതോറിറ്റി മുമ്പാകെയോ, ട്രൈബ്യൂണൽ അല്ലെങ്കിൽ കോടതി മുമ്പാകെയോ നിലവിലിരിക്കുന്ന എല്ലാ കേസുകളും പിൻവലിക്കേണ്ടതാണ്.

(4) ഒരു വർഷവുമായി ബന്ധപ്പെട്ട എല്ലാ നികുതിയുടെയും പിഴയുടേയും കുടിശ്ശികകൾ ഈ വകുപ്പ് പ്രകാരം ഒരുമിച്ച് അടച്ചു തീർക്കേണ്ടതാണ്.

(5) (1)-ാം ഉപവകുപ്പ് പ്രകാരം കുടിശ്ശിക അടയ്ക്കുവാൻ ഓപ്റ്റ് ചെയ്യുന്ന നികുതിദായകൻ, 2017 ജൂൺ മാസം 30-ാം തീയതിക്കുമുൻപ് നികുതി നിർണ്ണയ അധികാരിക്ക് ഒരു അപേക്ഷ നൽകേണ്ടതാണ്.

(6) ഈ വകുപ്പിൻകീഴിലുള്ള കുടിശ്ശിക തീർപ്പാക്കുന്നതിലേക്കായി, അപേക്ഷ സമർപ്പിച്ച തീയതി വരെയുള്ള കുടിശ്ശിക കണക്കാക്കേണ്ടതാണ്.

(7) (5)-ാം ഉപവകുപ്പ് പ്രകാരമുള്ള ഒരു അപേക്ഷ ലഭിച്ചാൽ നികുതി നിർണ്ണയ അധികാരി (1)-ാം ഉപവകുപ്പ് പ്രകാരം നികുതിദായകനിൽ നിന്നും കിട്ടാനുള്ള നികുതി തുകയും മറ്റു തുകകളും കണക്കാക്കേണ്ടതും, നികുതിദായകനെ തുക അറിയിക്കേണ്ടതും, അതിനുശേഷം നികുതിദായകൻ തുല്യമാസ തവണകളായി 2017 ഡിസംബർ 31-നോ അതിനുമുൻപായോ ആയി തുക അടയ്ക്കേണ്ടതുമാണ്.

എന്നാൽ (1)-ാം ഉപവകുപ്പിൻ കീഴിൽ തന്റെ കുടിശ്ശിക തീർപ്പാക്കുന്നതിന് ഓപ്റ്റ് ചെയ്യുന്ന ഒരു നികുതിദായകൻ, സ്വമേധയായോ ഏതെങ്കിലും കോടതിയോ, ട്രൈബ്യൂണലോ, അപ്പലേറ്റ് അതോറിറ്റിയോ പുറപ്പെടുവിച്ച ഒരു ഉത്തരവോ, ഡിക്രിയോ, വിധിന്യായമോ പ്രകാരമോ, ഒരു സ്റ്റേ ലഭിക്കുന്നതിനായി കുടിശ്ശികയുമായി ബന്ധപ്പെട്ട് ഏതെങ്കിലും തുക അടച്ചിട്ടുണ്ടെങ്കിലും അപ്രകാരമുള്ള അതോറിറ്റി മുൻപാകെ പ്രസ്തുത കേസ് നിലവിലിരിക്കുകയും ചെയ്യുകയാണെങ്കിൽ അപ്രകാരം നൽകിയ തുക ഈ ഓപ്ഷൻ പ്രകാരം നൽകിയതായി കരുതേണ്ടതാണ്.

(8) യാതൊരു സാഹചര്യത്തിലും, ഈ പദ്ധതി പ്രകാരം തീർപ്പാക്കിയ തുക പിന്നീട് തിരികെ നൽകുന്നതല്ല.

5. 1991-ലെ 15-ാം ആക്റ്റിന്റെ ഭേദഗതി.—1991-ലെ കേരള കാർഷികാദായ നികുതി ആക്റ്റിലെ (1991-ലെ 15), 37 സി വകുപ്പിന് പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

"37 സി. ചില സംഗതികളിൽ കുടിശ്ശിക കുറവ് ചെയ്യൽ.—(1) ഈ ആക്റ്റിലോ അല്ലെങ്കിൽ അതിൻ കീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളിലോ ഏതെങ്കിലും കോടതിയുടെയോ ട്രിബ്യൂണലിന്റെയോ അപ്പലേറ്റ് അതോറിറ്റിയുടെയോ ഏതെങ്കിലും വിധിന്യായത്തിലോ ഡിക്രിയിലോ ഉത്തരവിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, 2011 മാർച്ച് 31-ാം തീയതി ഉൾപ്പെടെയും അതുവരെയുമുള്ള കാലയളവുമായി ബന്ധപ്പെട്ട് ഈ ആക്റ്റ് പ്രകാരം നികുതിയോ മറ്റേതെങ്കിലും തുകയോ കുടിശ്ശിക വരുത്തിയിട്ടുള്ള ഒരു നികുതിദായകന്, കുടിശ്ശികയായ മുഴുവൻ മുഖ്യതുകയും പിഴതുകയുടെ മുപ്പത് ശതമാനം തുകയും അടയ്ക്കുന്നതിൻമേൽ നികുതി തുകയിൻമേലും പിഴത്തുകയിൻമേലുമുള്ള പലിശയ്ക്ക് മുഴുവൻ കുറവ് ചെയ്യലും പ്രയോജനപ്പെടുത്തിക്കൊണ്ട്, കുടിശ്ശിക തീർപ്പാക്കുന്നതിന് ഓപ്റ്റ് ചെയ്യാവുന്നതാണ്.

(2) 1968-ലെ കേരള നികുതിവസൂലാക്കൽ ആക്റ്റിൽ (1968-ലെ 15) എന്തുതന്നെ അടങ്ങിയിരുന്നാലും, നികുതിവസൂലാക്കൽ നടപടികൾ ആരംഭിച്ചിട്ടുള്ള സംഗതികളിൽ (1)-ാം ഉപവകുപ്പ് പ്രകാരമുള്ള കുടിശ്ശിക കുറവുചെയ്യൽ ബാധകമാക്കിയിരിക്കുന്നതും, അങ്ങനെയുള്ള തുകകൾ നികുതിനിർണ്ണയ അധികാരസ്ഥാനങ്ങൾക്ക് (1)-ാം ഉപവകുപ്പ് പ്രകാരമുള്ള തീർപ്പാക്കൽ പ്രകാരം ഈടാക്കാൻ അധികാരമുണ്ടായിരിക്കുന്നതും (1)-ാം ഉപവകുപ്പുപ്രകാരം തുക തീർപ്പാക്കുന്നിടത്ത്, നികുതി നിർണ്ണയ അധികാരസ്ഥാനങ്ങൾ അങ്ങനെയുള്ള നികുതിദായകർക്ക് എതിരെയുള്ള നികുതിവസൂലാക്കൽ നടപടികൾ പിൻവലിക്കേണ്ടതും അപ്പോൾ മുതൽ അത് റവന്യൂ അധികാരികൾക്ക് ബാധകമായിരിക്കുന്നതും അങ്ങനെയുള്ള നികുതിദായകർ ഏതെങ്കിലും കളക്ഷൻ ചാർജ്ജുകൾ നൽകാൻ ബാദ്ധ്യസ്ഥരായിരിക്കുന്നതല്ലാത്തതുമാകുന്നു.

(3) ഈ വകുപ്പ് പ്രകാരം കുടിശ്ശിക അടയ്ക്കാൻ ഓപ്റ്റ് ചെയ്യുന്ന നികുതിദായകൻ ഏതെങ്കിലും അപ്പലേറ്റ് അല്ലെങ്കിൽ റിവിഷണൽ അതോറിറ്റി മുമ്പാകയോ, ട്രൈബ്യൂണൽ അല്ലെങ്കിൽ കോടതി മുമ്പാകയോ നിലവിലിരിക്കുന്ന മുഴുവൻ കേസുകളും പിൻവലിക്കേണ്ടതാണ്.

(4) ഒരു വർഷവുമായി ബന്ധപ്പെട്ട എല്ലാ നികുതിയുടെയും പിഴയുടെയും കുടിശ്ശികകൾ ഈ വകുപ്പ് പ്രകാരം ഒന്നിച്ച് അടച്ച് തീർക്കേണ്ടതാണ്.

(5) (1)-ാം ഉപവകുപ്പ് പ്രകാരം കുടിശ്ശിക അടയ്ക്കുവാൻ ഉദ്ദേശിക്കുന്ന ഒരു നികുതിദായകൻ 2017 ജൂൺ 30-നോ അതിന് മുൻപോ നികുതി നിർണ്ണയ അധികാരസ്ഥാനത്തിന് ഒരു അപേക്ഷ നൽകേണ്ടതാണ്.

(6) ഈ വകുപ്പ് പ്രകാരം കുടിശ്ശിക തീർപ്പാക്കുന്നതിന്റെ ആവശ്യത്തിലേയ്ക്കായി അപേക്ഷ സമർപ്പിച്ച തീയതിവരെയുള്ള കുടിശ്ശിക കണക്കാക്കേണ്ടതാണ്.

(7) (5)-ാം ഉപവകുപ്പ് പ്രകാരമുള്ള ഒരു അപേക്ഷ ലഭിച്ചാൽ നികുതി നിർണ്ണയ അധികാരസ്ഥാനം (1)-ാം ഉപവകുപ്പ് പ്രകാരം നികുതിദായകനിൽ നിന്നും കിട്ടേണ്ട നികുതി തുകയും മറ്റു തുകകളും കണക്കാക്കേണ്ടതും, നികുതിദായകനെ ആ തുക അറിയിക്കേണ്ടതും, അതിനുശേഷം നികുതിദായകൻ തുല്യമാസ തവണകളായി 2017 ഡിസംബർ 31-നോ അതിനു മുൻപായോ തുക അടയ്ക്കേണ്ടതുമാണ്:

എന്നാൽ (1)-ാം ഉപവകുപ്പിൻ കീഴിൽ തന്റെ കുടിശ്ശിക തീർപ്പാക്കുന്നതിന് ഓപ്റ്റ് ചെയ്യുന്ന ഒരു നികുതിദായകൻ, സ്വമേധയായോ ഏതെങ്കിലും കോടതിയോ, ട്രൈബ്യൂണലോ, അപ്പലേറ്റ് അതോറിറ്റിയോ പുറപ്പെടുവിച്ച ഒരു ഉത്തരവോ, ഡിക്രിയോ, വിധിന്യായമോ പ്രകാരമോ, ഒരു സ്റ്റേ ലഭിക്കുന്നതിനായി കുടിശ്ശികയുമായി ബന്ധപ്പെട്ട് ഏതെങ്കിലും തുക അടച്ചിട്ടുണ്ടെങ്കിലും അപ്രകാരമുള്ള അധികാരസ്ഥാനത്തിന് മുൻപാകെ പ്രസ്തുത കേസ് നിലവിലിരിക്കുകയും ചെയ്യുകയാണെങ്കിൽ, അപ്രകാരം നൽകിയ തുക ഈ ഓപ്ഷൻ പ്രകാരം നൽകിയതായി കരുതേണ്ടതാണ്.

(8) യാതൊരു സാഹചര്യത്തിലും, ഈ പദ്ധതി പ്രകാരം തീർപ്പാക്കിയ തുക പിന്നീട് തിരികെ നൽകുന്നതല്ല.

6. <u>2004-ലെ 30-ാം ആക്റ്റിന്റെ ഭേദഗതി.</u>—2003-ലെ കേരള മൂല്യവർദ്ധിത നികുതി ആക്റ്റിലെ (2004-ലെ 30),—

(1) 6-ാം വകുപ്പ്, (1)-ാം ഉപവകുപ്പിൽ, 19-ാം ക്ലിപ്തനിബന്ധനയ്ക്കുശേഷം താഴെപ്പറയുന്ന ക്ലിപ്ത നിബന്ധനകൾ ചേർക്കേണ്ടതാണ്, അതായത് :—

"എന്നിരുന്നാൽത്തന്നെയും ഒരു രജിസ്റ്റർ ചെയ്യപ്പെട്ട വ്യാപാരി, കയറ്റുമതി ചെയ്യുന്ന ചരക്കുകൾ പായ്ക്ക് ചെയ്യുവാൻ ഉപയോഗിക്കുന്നതിന്റെ ആവശ്യത്തിലേയ്ക്കായി, ഒരു

കയറ്റുമതിക്കാരന് നടത്തുന്ന പായ്ക്കിംഗ് സാമഗ്രികളുടെ വിൽപ്പന, അപ്രകാരമുള്ള കയറ്റുമതി വ്യാപാരി, 1956-ലെ കേന്ദ്ര വിൽപ്പന നികുതി ആക്റ്റിൻ (1956-ലെ 74-ാം കേന്ദ്ര ആക്റ്റ്) കീഴിലുള്ള 'എച്ച് ' ഫാറങ്ങൾ സഹിതം വിൽപ്പന നടത്തിയിരുന്ന എന്ന നിബന്ധനയ്ക്ക് വിധേയമായി, 2016 മാർച്ച് 31 വരെയുള്ള കാലയളവിലേക്ക് നികുതിയിൽ നിന്നും ഒഴിവാക്കപ്പെടുന്നതും അപ്രകാരം നൽകിയ നികുതി, ഏതെങ്കിലും ഉണ്ടെങ്കിൽ, അത് തിരികെ നൽകുന്നതുമല്ലാത്തതുമാകുന്നു:

എന്നിരുന്നാൽത്തന്നെയും സൗരോർജ്ജ ഉപകരണങ്ങളുടെയും, സജ്ജീകരണങ്ങളുടെയും പ്ലാന്റുകളുടെയും വിതരണവും സ്ഥാപനവും സംബന്ധിച്ച കരാർ ജോലികളിന്മേലുള്ള നികുതി നിരക്ക് 2013 ഏപ്രിൽ 1 മുതൽ ഒരു ശതമാനമായിരിക്കുന്നതും, ഉയർന്ന നിരക്കിൽ നൽകിയിട്ടുള്ള നികുതി ഏതെങ്കിലുമുണ്ടെങ്കിൽ, ആയത് തിരികെ നൽകുന്നതുമല്ലാത്തതാകുന്നു:

എന്നിരുന്നാൽത്തന്നെയും, 3-ാം പട്ടികയിലെ ലിസ്റ്റ് എ യിലെ ക്രമനമ്പർ 134-ലെ (1)-ാം ഇനത്തിൽ വ്യക്തമാക്കിയിട്ടുള്ള ചരക്കുകളെ 2014 ഡിസംബർ 20-ാം തീയതി മുതൽ 2015 മാർച്ച് 31-ാം തീയതി വരെയുള്ള കാലയളവിലേക്ക് നികുതിയിൽ നിന്ന് ഒഴിവാക്കുന്നതാണ്." ;

(2) 24-ാം വകുപ്പ്, (1)-ാം ഉപവകുപ്പിൽ,

(i) (സി) ഖണ്ഡത്തിൽ, 'മൂന്നു വർഷത്തിനുള്ളിൽ' എന്ന വാക്കിന് പകരം 'നാല് വർഷത്തിനുള്ളിൽ' എന്ന് വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) 4-ാം ക്ലിപ്ത നിബന്ധനയ്ക്കു പകരം താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കേണ്ടതാണ്, അതായത് :—

"എന്നിരുന്നാൽത്തന്നെയും 2017 മാർച്ച് 31-ാം തീയതി കാലാവധി അവസാനിക്കുന്ന, 25 ബി വകുപ്പ് പ്രകാരം ദീർഘിപ്പിക്കലിന് വിധേയമായിട്ടുള്ളവ ഉൾപ്പെടെ, റിട്ടേൺ നിരസിക്കുന്നതിനും നികുതി തിട്ടപ്പെടുത്തൽ പൂർത്തിയാക്കുന്നതിനുമുള്ള കാലയളവ് 2018 മാർച്ച് 31-ാം തീയതി വരെ ദീർഘിപ്പിക്കുന്നതാണ്." ;

(3) 25-ാം വകുപ്പ്, (1)-ാം ഉപവകുപ്പിൽ,—

(i) 'അഞ്ച് വർഷത്തിനകം' എന്ന വാക്കുകൾക്കുപകരം 'ആറ് വർഷത്തിനകം' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) 3-ാം ക്ലിപ്തനിബന്ധനയ്ക്കുപകരം താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കേണ്ടതാണ്, അതായത് :—

"എന്നിരുന്നാൽത്തന്നെയും 2017 മാർച്ച് 31-ാം തീയതി കാലാവധി അവസാനിക്കുന്ന 25 ബി വകുപ്പ് പ്രകാരം ദീർഘിപ്പിക്കലിന് വിധേയമായിട്ടുള്ളവ ഉൾപ്പെടെ, ഏതെങ്കിലും നികുതി തിട്ടപ്പെടുത്തുന്നതിന് തീരുമാനിക്കുന്നതിനുള്ള നടപടികൾക്കുള്ള കാലയളവ് 2018 മാർച്ച് 31-ാം തീയതി വരെ ദീർഘിപ്പിക്കുന്നതാണ്." ;

(4) 25 ഇ വകുപ്പിന് പകരം, താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

25 ഇ. <u>ആനുമാനിക നികുതി നൽകുന്ന വ്യാപാരികളുടെ നികുതി നിർണ്ണയവും നികുതി നൽകലും സംബന്ധിച്ചുള്ള പ്രത്യേക വ്യവസ്ഥ</u>— ഈ ആക്റ്റിലോ, അതിൻകീഴിലുണ്ടാക്കിയ ചട്ടങ്ങളിലോ, ഏതെങ്കിലും കോടതിയുടെയോ, ട്രിബ്യൂണലിന്റെയോ, അപ്പലെറ്റ് അല്ലെങ്കിൽ റിവിഷണൽ അതോറിറ്റിയുടെയോ ഏതെങ്കിലും വിധിന്യായത്തിലോ, ഡിക്രിയിലോ, ഉത്തരവിലോ, ഈ ആക്റ്റിൻകീഴിലുള്ള ഏതെങ്കിലും പെനാൽറ്റി ഉത്തരവുകളിലോ എന്തുതന്നെയടങ്ങിയിരുന്നാലും, 6-ാം വകുപ്പ്, (5)-ാം ഉപവകുപ്പ് പ്രകാരം നികുതി നൽകുന്നതിന് ഓപ്റ്റ് ചെയ്തിട്ടുള്ളതും 2016 മാർച്ച് 31 വരെയുള്ള കാലയളവിൽ നികുതി തിട്ടപ്പെടുത്തുന്ന അധികാരസ്ഥാനം കണക്കിൽപ്പെടാത്ത വാങ്ങൽ നടത്തിയതായി കണ്ടെത്തിയിട്ടുമുള്ള വ്യാപാരികൾക്ക്,

(i) തിട്ടപ്പെടുത്തിയ മൊത്തം വിറ്റുവരവ് 6-ാം വകുപ്പ് (5)-ാം ഉപവകുപ്പിൽ വ്യക്തമാക്കിയിട്ടുള്ള മൊത്തം വിറ്റുവരവിന്റെ പരിധിയ്ക്കുള്ളിൽ ആകുന്നപക്ഷം നികുതിവിധേയമായ ചരക്കുകളുടെ വിറ്റുവരവിന്മേൽ അര ശതമാനം;

(ii) 6-ാം വകുപ്പ് (5)-ാം ഉപവകുപ്പ് പ്രകാരം വ്യക്തമാക്കിയിട്ടുള്ള മൊത്തം വിറ്റുവരവിന്റെ പരിധിക്ക് അധികമായി തിട്ടപ്പെടുത്തിയിട്ടുള്ള മൊത്തം വിറ്റുവരവിനെ ഒരു കോടി രൂപ വരെ മേൽപറഞ്ഞ ഖണ്ഡത്തിൽ കിട്ടേണ്ടതായ നികുതിക്ക് പുറമെ, നികുതി വിധേയമായ ചരക്കുകളുടെ വിറ്റുവരവിന്മേൽ ഒരു ശതമാനം;

(iii) ഒരു കോടി രൂപയ്ക്ക് മുകളിൽ തിട്ടപ്പെടുത്തിയിട്ടുള്ള മൊത്തം വിറ്റുവരവിന് (i)ഉം (ii)ഉം ഖണ്ഡങ്ങൾ പ്രകാരം കിട്ടേണ്ടതായ നികുതിയ്ക്കു പുറമെ നികുതി വിധേയമായ ചരക്കുകളുടെ വിറ്റുവരവിന് രണ്ട് ശതമാനം; എന്നീ നിരക്കുകളിൽ നികുതി നൽകികൊണ്ട് അവരുടെ കേസുകൾ തീർപ്പാക്കാവുന്നതും, അപ്രകാരം നികുതി നൽകുന്നതിന്മേൽ 22-ാം വകുപ്പ് (7)-ാം ഉപവകുപ്പ് പ്രകാരമുള്ള പിഴത്തുക ഉൾപ്പെടെയുള്ള എല്ലാ പിഴയും പലിശയും ഒഴിവാക്കപ്പെടുന്നതുമാണ്.

*വിശദീകരണം .*—ആക്റ്റിന്റെ 2-ാം വകുപ്പ് (എൽഐ) ഖണ്ഡത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും ഈ വകുപ്പിന്റെ ആവശ്യത്തിലേക്കായി 'തിട്ടപ്പെടുത്തിയിട്ടുള്ള മൊത്തം വിറ്റുവരവ്', കണ്ടുപിടിക്കപ്പെട്ടതോ പ്രഖ്യാപിച്ചതോ ആയ കണക്കിൽപ്പെടാത്ത വാങ്ങലുകൾ, ഫയലുചെയ്ത റിട്ടേണുകൾ പ്രകാരം പ്രഖ്യാപിക്കപ്പെട്ട മൊത്തം വിറ്റുവരവിനോട്, മൊത്തം ലാഭത്തിന്റെ അഞ്ച് ശതമാനം കൂട്ടി ചേർത്ത് കൊണ്ട് ലഭിക്കുന്ന മൊത്തം വിറ്റുവരവ് ആയിരിക്കുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൻ കീഴിലെ കേസ്സുകൾ തീർപ്പാക്കുന്നതിനായി, 2017 ജൂൺ 30 നോ അതിനു മുൻപോ, ഏതെങ്കിലും കോടതിയിലോ ട്രൈബ്യൂണലിലോ അപ്പീൽ അല്ലെങ്കിൽ റിവിഷണൽ അതോറിറ്റിയുടെയോ മുൻപാകെയോ കേസ് നിലവിലുണ്ടെങ്കിൽ ആയത് പിൻവലിച്ചതിനുള്ള തെളിവ് സഹിതം വ്യാപാരി നികുതി തിട്ടപ്പെടുത്തുന്ന അധികാരസ്ഥാനം മുൻപാകെ ഓപ്ഷൻ ഫയൽ ചെയ്യേണ്ടതാണ്.

(3) അപ്രകാരമുള്ള ഓപ്ഷനും തീർപ്പാക്കലും കണക്കിൽപ്പെടാത്ത വാങ്ങലുകൾ കണ്ടെത്തിയിട്ടുള്ള എല്ലാ സാമ്പത്തിക വർഷങ്ങളേയും ഉൾപ്പെടുത്തിക്കൊണ്ടുള്ളതായിരിക്കേണ്ടതാണ്.

(4) ഓപ്ഷൻ ലഭിച്ച തീയതി മുതൽ പതിനഞ്ച് ദിവസത്തിനകം, (1)-ാം ഉപവകുപ്പ് പ്രകാരം നൽകേണ്ട തുക, വ്യാപാരിയെ നികുതി തിട്ടപ്പെടുത്തുന്ന അധികാരസ്ഥാനം അറിയിക്കേണ്ടതാണ്.

(5) ഈ പദ്ധതി പ്രകാരം നല്കേണ്ട തുകയുടെ മുപ്പത് ശതമാനം (4)-ാം ഉപവകുപ്പ് പ്രകാരമുള്ള ഉത്തരവ് ലഭിച്ച തീയതി മുതൽ പതിനഞ്ച് ദിവസത്തിനകം നൽകേണ്ടതും ശേഷിക്കുന്ന തുക തുല്യ ഗഡുക്കളായി 2017 ഡിസംബർ 31-നോ അതിന് മുൻപായോ അടയ്ക്കേണ്ടതുമാണ്.

(6) ഈ വകുപ്പിലെ വ്യവസ്ഥകൾക്ക് ഭംഗം വരാതെ, നികുതി തിട്ടപ്പെടുത്തുന്ന അധികാരസ്ഥാനങ്ങൾക്കും വ്യാപാരികൾക്കും, പദ്ധതി ഫലപ്രദമായി നടപ്പാക്കുന്നതിന് കമ്മീഷണർക്ക് അപ്രകാരമുള്ള നിർദ്ദേശങ്ങൾ നൽകാവുന്നതാണ്.

(7) ഈ പദ്ധതി ഓപ്റ്റ് ചെയ്യുന്ന ഏതൊരു വ്യാപാരിയും 2016 ഏപ്രിൽ 1-ാം തീയതി മുതൽ ടാക്സ് പേയേഴ്സ് ഐഡന്റിഫിക്കേഷൻ നമ്പർ (ടിൻ) നേടിയിരിക്കേണ്ടതാണ്";

(8) ഈ വകുപ്പ് പ്രകാരം ഒരു വ്യാപാരി തീർപ്പാക്കിയ കണക്കിൽപ്പെടാത്ത വാങ്ങലുകളെ സംബന്ധിച്ചോ അപ്രകാരമുള്ള കണക്കിൽപ്പെടാത്ത വാങ്ങലുകളുടെ ഫലമായി ഉണ്ടായ മറ്റു ക്രമക്കേടുകളെ സംബന്ധിച്ചോ നികുതി തിട്ടപ്പെടുത്തുന്ന

അധികാരസ്ഥാനം, ഈ ആക്ടിലെ ഏതെങ്കിലും വ്യവസ്ഥകൾ പ്രകാരമുള്ള യാതൊരു തുടർനടപടിയും എടുക്കുവാൻ പാടില്ലാത്തതും, ഈ വകുപ്പ് പ്രകാരം അപ്രകാരം തീർപ്പാക്കിയ തുക സംബന്ധിച്ച് യാതൊരു അപ്പീലോ റിവിഷനോ നിലനിൽക്കുന്നതല്ലാത്തതുമാണ്." ;

(9) 6-ാം വകുപ്പ് (5)-ാം ഉപവകുപ്പ് പ്രകാരം നികുതി നൽകാൻ ഓപ്റ്റ് ചെയ്തിട്ടുള്ളതും, 2016 മാർച്ച് 31 വരെയുള്ള കാലയളവിൽ കണക്കിൽപ്പെടാത്ത വാങ്ങലുകൾ നടത്തിയതായി നികുതി തിട്ടപ്പെടുത്തുന്ന അധികാരസ്ഥാനം കണ്ടെത്തിയിട്ടില്ലാത്തതുമായ വ്യാപാരികൾക്ക്, അവരുടെ കണക്കിൽപ്പെടാത്ത വാങ്ങലുകൾ സ്വയം പ്രഖ്യാപിക്കാവുന്നതും, (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള പദ്ധതി ഓപ്റ്റ് ചെയ്യാവുന്നതും, അപ്രകാരം ചെയ്യുമ്പോൾ, അത് സംബന്ധിച്ച്, അപ്രകാരമുള്ള വ്യാപാരികൾക്ക് എതിരായി ഈ ആക്ട് പ്രകാരമുള്ള യാതൊരു നടപടിയും ആരംഭിക്കുവാൻ പാടില്ലാത്തതുമാണ്.

(10) 2016-17-ൽ ഈ വകുപ്പ് പ്രകാരം കേസുകൾ തീർപ്പാക്കുവാൻ ഓപ്റ്റ് ചെയ്തിട്ടുള്ളതും എന്നാൽ തുക അടയ്ക്കുന്നതിൽ വീഴ്ച വരുത്തുകയും ചെയ്തിട്ടുള്ള വ്യാപാരികൾക്ക് ഈ വകുപ്പ് പ്രകാരം അവരുടെ കേസുകൾ തീർപ്പാക്കുന്നതിന് ഓപ്റ്റ് ചെയ്യാവുന്നതും, മുൻപ് നൽകിയിട്ടുള്ള തുക, ഏതെങ്കിലുമുണ്ടെങ്കിൽ, ഈ വകുപ്പ് പ്രകാരം നൽകേണ്ട തുകയിലേക്ക് തട്ടിക്കിഴിക്കാവുന്നതും എന്നാൽ യാതൊരു റീ ഫണ്ടും അനുവദിക്കുന്നതല്ലാത്തതുമാകുന്നു.

(11) യാതൊരു സാഹചര്യത്തിലും, ഈ പദ്ധതി പ്രകാരം അടച്ച തുക തിരികെ നൽകുന്നതല്ലാത്തതാകുന്നു.

(5) 25ഇ വകുപ്പിന് ശേഷം, താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"25എഫ്. <u>ചില കരാർ ജോലിക്കാരുടെ നികുതി നിർണ്ണയവും നികുതി നൽകലും സംബന്ധിച്ചുള്ള പ്രത്യേക വ്യവസ്ഥ</u>.—ഈ ആക്ടിലോ, അതിൻകീഴിലുണ്ടാക്കിയ ചട്ടങ്ങളിലോ, ഏതെങ്കിലും കോടതിയുടെയോ, ട്രിബ്യൂണലിന്റെയോ അപ്പലേറ്റ് അതോറിറ്റിയുടെയോ ഏതെങ്കിലും വിധിന്യായത്തിലോ ഡിക്രിയിലോ ഉത്തരവിലോ എന്തു തന്നെ അടങ്ങിയിരുന്നാലും, സാധനങ്ങളുടെ കൈമാറ്റം ചരക്കുകളുടെ രൂപത്തിലുള്ളതായ കിച്ചൻ ക്യാബിനറ്റ്, അലൂമിനിയം ഫാബ്രിക്കേഷൻ, എയർ കണ്ടീഷൻ പ്ലാൻറുകൾ എന്നിവ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട ജോലികളെ സംബന്ധിച്ച് 2014-2015 വരെയുള്ള വർഷങ്ങളിൽ ആക്ടിന്റെ 8-ാം വകുപ്പ് (എ) ഖണ്ഡപ്രകാരം കോമ്പൗണ്ട് ചെയ്ത നിരക്കിലുള്ള നികുതി നൽകുന്നതിന് ഓപ്റ്റ് ചെയ്തിട്ടുള്ളതും

അപ്രകാരം നികുതി നൽകിയിട്ടുള്ളതുമായ കരാർ ജോലിക്കാർ, അപ്രകാരമുള്ള കരാറുകൾ നടപ്പിലാക്കുന്നതിനുള്ള എല്ലാ വാങ്ങലുകളും സംസ്ഥാനത്തിനകത്ത് നടത്തിയിട്ടുണ്ടെങ്കിൽ, മുഴുവൻ കരാർ തുകയ്ക്കും രണ്ട് ശതമാനം അധിക നികുതി നൽകാവുന്നതും അപ്രകാരമുള്ള നികുതി നൽകുന്നതിൻ മേൽ ഏതെങ്കിലും തിട്ടപ്പെടുത്തലോ പിഴയോ ഉൾപ്പെടെ ഈ ആക്റ്റ് പ്രകാരമുള്ള യാതൊരു തുടർനടപടികളും നിലനിൽക്കുന്നതല്ലാത്തതുമാകുന്നു.

(6) 31-ാം വകുപ്പിന് ശേഷം, താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"31 എ. ചില സംഗതികളിൽ കുടിശ്ശിക കുറവുചെയ്യൽ.—(1) ഈ ആക്റ്റിലോ അതിൻ കീഴിലുണ്ടാക്കിയ ചട്ടങ്ങളിലോ, അല്ലെങ്കിൽ ഏതെങ്കിലും കോടതിയുടെയോ ട്രിബ്യൂണലിന്റെയോ അപ്പലേറ്റ് അതോറിറ്റിയുടെയോ ഏതെങ്കിലും വിധിന്യായത്തിലോ ഡിക്രിയിലോ ഉത്തരവിലോ എന്തുതന്നെ അടങ്ങിയിരുന്നാലും 2011 മാർച്ച് 31-ാം തീയതി വരെയും അത് ഉൾപ്പെടെയുമുള്ള കാലയളവുമായി ബന്ധപ്പെട്ട് ഈ ആക്റ്റ്പ്രകാരമോ 1956-ലെ കേന്ദ്ര വില്പന നികുതി ആക്റ്റ് (1956-ലെ 74-ാം കേന്ദ്ര ആക്റ്റ്) പ്രകാരമോ നികുതിയോ ഏതെങ്കിലും തുകയോ കുടിശ്ശിക വരുത്തിയിട്ടുള്ള ഏതെങ്കിലും നികുതിദായകന് കുടിശ്ശികയായിട്ടുള്ള മുഖ്യതുകയും പിഴത്തുകയുടെ മുപ്പത് ശതമാനവും നൽകുന്നതിൻ മേൽ നികുതി തുകയിൻമേലും പിഴത്തുകയിൻമേലും മുഴുവൻ കറവ് പ്രയോജനപ്പെടുത്തി കുടിശ്ശിക തീർപ്പാക്കുന്നതിനുവേണ്ടി ഓപ്റ്റ് ചെയ്യാവുന്നതാണ്.

(2) 1968-ലെ നികുതിവസൂലാക്കൽ ആക്റ്റിൽ (1968-ലെ-15) എന്തുതന്നെ അടങ്ങിയിരുന്നാലും, നികുതിവസൂലാക്കൽ നടപടികൾ ആരംഭിച്ചിട്ടുള്ള സംഗതികളിൽ (1)-ാം ഉപവകുപ്പ് പ്രകാരമുള്ള കുടിശ്ശിക കുറവുചെയ്യൽ ബാധകമായിരിക്കുന്നതും, അങ്ങനെയുള്ള തുകകൾ നികുതിതിട്ടപ്പെടുത്തുന്ന അധികാരസ്ഥാനങ്ങൾക്ക് (1)-ാം ഉപവകുപ്പ് പ്രകാരമുള്ള തീർപ്പാക്കൽ പ്രകാരം ഈടാക്കാൻ അധികാരമുണ്ടായിരിക്കുന്നതും, (1)-ാം ഉപവകുപ്പ്പ്രകാരം തുക തീർപ്പാക്കുന്നിടത്ത്, നികുതി തിട്ടപ്പെടുത്തുന്ന അധികാരിസ്ഥാനങ്ങൾ, അങ്ങനെയുള്ള നികുതിദായകർക്ക് എതിരെയുള്ള നികുതി വസൂലാക്കൽ നടപടികൾ പിൻവലിക്കേണ്ടതും അപ്പോൾ മുതൽ അത് റവന്യൂ അധികാരികൾക്ക് ബാധകമായിരിക്കുന്നതും അങ്ങനെയുള്ള നികുതിദായകർ ഏതെങ്കിലും കളക്ഷൻ ചാർജ്ജുകൾ നൽകാൻ ബാദ്ധ്യസ്ഥരായിരിക്കുന്നതല്ലാത്തതുമാകുന്നു.

(3) ഈ വകുപ്പിൻ കീഴിൽ നികുതി അടയ്ക്കുവാൻ ഓപ്റ്റ് ചെയ്യുന്ന നികുതിദായകൻ ഏതെങ്കിലും അപ്പലേറ്റ് അല്ലെങ്കിൽ റിവിഷണൽ അധികാരി മുമ്പാകെയോ, ട്രൈബ്യൂണൽ അല്ലെങ്കിൽ കോടതി മുമ്പാകയോ നിലവിലിരിക്കുന്ന മുഴുവൻ കേസുകളും പിൻവലിക്കേണ്ടതാണ്.

(4) ഈ വകുപ്പ് പ്രകാരം ഒരു വർഷവുമായി ബന്ധപ്പെട്ട എല്ലാ നികുതികളുടെയും പിഴയുടെയും കുടിശ്ശികകൾ ഒരുമിച്ച് തീർപ്പാക്കേണ്ടതാണ്.

(5) (1)-ാം ഉപവകുപ്പ് പ്രകാരം കുടിശ്ശിക അടയ്ക്കുവാൻ ഓപ്റ്റ് ചെയ്യുവാൻ ഉദ്ദേശിക്കുന്ന നികുതിദായകൻ, 2017 ജൂൺ 30-ാം തീയതിയോ അതിനു മുൻപായോ നികുതി തിട്ടപ്പെടുത്തുന്ന അധികാരസ്ഥാനത്തിന് ഒരു അപേക്ഷ നൽകേണ്ടതാണ്.

(6) ഈ വകുപ്പ് പ്രകാരമുള്ള തീർപ്പാക്കലിന്റെ കാര്യത്തിൽ, അപേക്ഷ സമർപ്പിച്ച തീയതി വരെയുള്ള കുടിശ്ശിക കണക്കുകൂട്ടേണ്ടതാണ്.

(7) (5)-ാം ഉപവകുപ്പ് പ്രകാരമുള്ള ഒരു അപേക്ഷ ലഭിക്കുന്നതിൻമേൽ, നികുതി തിട്ടപ്പെടുത്തുന്ന അധികാരസ്ഥാനം (1)-ാം ഉപവകുപ്പ് പ്രകാരം നികുതിദായകനിൽ നിന്നും ലഭിക്കാനുള്ള നികുതി തുകയും മറ്റു തുകകളും കണക്കാക്കേണ്ടതും, ആയത് വ്യാപാരിയെ അറിയിക്കേണ്ടതും, അതിനു ശേഷം വ്യാപാരി തുല്യമാസ തവണകളായി, 2017 ഡിസംബർ 31-നോ അതിനു മുൻപായോ, തുക അടയ്ക്കേണ്ടതുമാണ്:

എന്നാൽ (1)-ാം ഉപവകുപ്പ് പ്രകാരം തന്റെ കുടിശ്ശിക തീർപ്പാക്കുവാൻ ഓപ്റ്റ് ചെയ്യുന്ന ഒരു നികുതിദായകൻ, സ്വമേധയായോ, ഒരു കോടതിയുടെയോ ഒരു ട്രൈബ്യൂണലിന്റെയോ അപ്പീൽ അധികാരിയുടെയോ ഒരു ഉത്തരവോ, ഡിക്രിയോ, വിധിന്യായമോ പ്രകാരം ഒരു സ്റ്റേ ലഭിക്കുന്നതിനായി ഏതെങ്കിലും തുക അടച്ചിട്ടുണ്ടെങ്കിലും, അപ്രകാരമുള്ള അധികാരസ്ഥാനത്തിനു മുൻപാകെ പ്രസ്തുത കേസ് നിലവിലിരിക്കുകയും ചെയ്യുകയാണെങ്കിൽ, അപ്രകാരം നൽകിയ തുക ഈ ഓപ്ഷൻ പ്രകാരം അടച്ചതായി കരുതപ്പെടേണ്ടതാണ്.

(8) യാതൊരു സാഹചര്യത്തിലും, ഈ പദ്ധതി പ്രകാരം അടച്ച തുക തിരികെ നൽകുന്നതല്ല.

(7) 55-ാം വകുപ്പിൽ, (1)-ാം ഉപവകുപ്പിൽ,—

(i) "16-ാം വകുപ്പോ, 19-ാം വകുപ്പോ, 44-ാം വകുപ്പ് (8)-ഉം (9)-ഉം ഉപവകുപ്പുകളോ, 49-ാം വകുപ്പോ, 67-ാം വകുപ്പോ, 68-ാം വകുപ്പോ, 69-ാം വകുപ്പോ, 70-ാം വകുപ്പോ പ്രകാരമല്ലാതെ" എന്ന വാക്കുകൾക്കും ബ്രാക്കറ്റുകൾക്കും അക്കങ്ങൾക്കും പകരം "16-ാം വകുപ്പ് (3)-ാം ഉപവകുപ്പോ (8)-ാം ഉപവകുപ്പോ അല്ലെങ്കിൽ (9)-ാം ഉപവകുപ്പോ 19-ാം വകുപ്പ് (8)-ാം ഉപവകുപ്പോ പ്രകാരമല്ലാതെ" എന്ന വാക്കുകളും ബ്രാക്കറ്റുകളും അക്കങ്ങളും ചേർക്കേണ്ടതാണ്;

(ii) ഒന്നാം ക്ലിപ്തനിബന്ധനയിൽ, "48, 70 എ, 72" എന്ന അക്കങ്ങൾക്കും അക്ഷരത്തിനും പകരം "48, 49,67,69,70, 70 എ, 72" എന്ന അക്കങ്ങളും അക്ഷരവും ചേർക്കേണ്ടതാണ്;

(8) 57-ാം വകുപ്പിൽ, (1)-ാം ഉപവകുപ്പിൽ ഒന്നാം ക്ലിപ്തനിബന്ധനയ്ക്കു ശേഷം താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നാൽ 2017-ലെ കേരള ധനകാര്യ ബില്ലിന്റെ അടിസ്ഥാനത്തിൽ, 2017 ഏപ്രിൽ 1 മുതൽ 55-ാം വകുപ്പ് പ്രകാരം അപ്പീൽനൽകാവുന്നതായിതീർന്ന, നികുതി തിട്ടപ്പെടുത്തുന്ന അധികാരസ്ഥന്റെ ഒരു ഉത്തരവിനെതിരെ, ഈ വകുപ്പിൻ കീഴിൽ ഒരു റിവിഷൻ നിലവിൽ ഉള്ളിടത്ത്, അതതുസംഗതിപോലെ, അങ്ങനെയുള്ള റിവിഷൻ ഡെപ്യൂട്ടി കമ്മീഷണർക്കോ (അപ്പീൽ) അല്ലെങ്കിൽ അസിസ്റ്റന്റ് കമ്മീഷണർക്കോ (അപ്പീൽ) കൈമാറ്റം ചെയ്യപ്പെടുന്നതും, അങ്ങനെയുള്ള അധികാരസ്ഥാനം, അതിനു മുൻപാകെ ഫയൽ ചെയ്യപ്പെട്ട ഒരു അപ്പീൽ എന്നതുപോലെ ആയത് പരിഗണിക്കേണ്ടതുമാണ്." ;

(9) 60-ാം വകുപ്പിൽ, (1)-ാം ഉപവകുപ്പിൽ, രണ്ടാം ക്ലിപ്ത നിബന്ധനയ്ക്കുശേഷം താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നിരുന്നാലും, 2017-ലെ കേരള ധനകാര്യ ബില്ലിന്റെ അടിസ്ഥാനത്തിൽ, 2017 ഏപ്രിൽ 1 മുതൽ, 55-ാം വകുപ്പ് പ്രകാരം നികുതി തിട്ടപ്പെടുത്തുന്ന അധികാരസ്ഥന്റെ ഒരു ഉത്തരവ് അപ്പീൽ നൽകാവുന്നതായിത്തീരുകയും 57-ാം വകുപ്പ് പ്രകാരം ഡെപ്യൂട്ടി കമ്മീഷണർ അതിൻമേൽ ഒരു ഉത്തരവ് പാസാക്കുകയും 59-ാം വകുപ്പ് പ്രകാരം അങ്ങനെയുള്ള ഉത്തരവിനെതിരായി റിവിഷൻ നിലവിലിരിക്കുകയും ചെയ്യുന്നിടത്ത്, അങ്ങനെയുള്ള റിവിഷൻ അപ്പലേറ്റ് ട്രിബ്യൂണലിന് കൈമാറ്റം ചെയ്യപ്പെടുന്നതും ട്രിബ്യൂണൽ, ആയത് അതിനു മുൻപാകെ ഫയൽ ചെയ്യപ്പെട്ട ഒരു അപ്പീൽ എന്നതുപോലെ, പരിഗണിക്കേണ്ടതുമാണ്.".

(10) 96-ാം വകുപ്പിനു ശേഷം താഴെപറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"96 എ. <u>നികുതി നിർണ്ണയവും പുനർനിർണ്ണയവും വേഗത്തിൽ തീർപ്പാക്കുന്നതിന് പ്രത്യേക പദ്ധതികളുടെ രൂപീകരണം.</u>— സർക്കാരിന്, ഔദ്യോഗിക ഗസറ്റ് വിജ്ഞാപനം വഴി, നികുതി നിർണ്ണയവും പുനർനിർണ്ണയവും വേഗത്തിൽ തീർപ്പാക്കുന്നതിനായി ഘടന, ചുമതലകൾ, നടപടിക്രമം നികുതിനിർണ്ണയം 'ഫാസ്റ്റ് ട്രാക്ക്' രീതിയിൽ ആരംഭിക്കുന്നതിനും പൂർത്തീകരിക്കുന്നതിനുമുള്ള രീതി എന്നിവ വ്യക്തമാക്കിക്കൊണ്ട് ഒരു പദ്ധതി രൂപീകരിക്കാവുന്നതാണ്".

## 1985-ലെ താൽക്കാലിക റവന്യ പിരിച്ചെടുക്കൽ ആക്റ്റ് (1985-ലെ 10) പ്രകാരമുള്ള പ്രഖ്യാപനം

1985-ലെ താൽക്കാലിക റവന്യ പിരിച്ചെടുക്കൽ ആക്റ്റ് (1985-ലെ 10) പ്രകാരം ഈ ബില്ലിലെ എല്ലാ വ്യവസ്ഥകൾക്കും 2017 ഏപ്രിൽ ഒന്നാം തീയതിയിലും അന്നുമുതൽക്കും പ്രാബല്യം ഉണ്ടായിരിക്കേണ്ടതു് പൊതുതാൽപര്യാർത്ഥം യുക്തമാണെന്ന് ഇതിനാൽ പ്രഖ്യാപിച്ചു കൊള്ളുന്നു.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

2017-2018-ലെ ബജറ്റ് പ്രസംഗത്തിലെ 241, 269 മുതൽ 280 വരെയും, ഖണ്ഡികകളിൽ പ്രഖ്യാപിച്ചിട്ടുള്ള, 2017-18 സാമ്പത്തികവർഷത്തേയ്ക്കുള്ള കേരള സർക്കാരിന്റെ ധനകാര്യ നിർദ്ദേശങ്ങൾക്ക് പ്രാബല്യം നല്കുന്നതിന് വേണ്ടി താഴെപ്പറയുന്ന ആക്റ്റുകൾ ഭേദഗതി ചെയ്യുവാൻ ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് ഈ ബിൽ, അതായത്:—

1. 1959-ലെ കേരള മുദ്രപത്ര ആക്റ്റ് (1959-ലെ 17)
2. 1963-ലെ കേരള പൊതുവില്പന നികുതി ആക്റ്റ് (1963-ലെ 15)
3. 1976-ലെ കേരള ആഢംബരങ്ങളിന്മേലുള്ള നികുതി ആക്റ്റ് (1976-ലെ 32)
4. 1991-ലെ കേരള കാർഷിക ആദായ നികുതി ആക്റ്റ് (1991-ലെ 15)
5. 2003-ലെ കേരള മൂല്യവർദ്ധിത നികുതി ആക്റ്റ് (2004-ലെ 30)

## ധനകാര്യ മെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടു വരികയും ചെയ്താൽ സംസ്ഥാന സഞ്ചിത നിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല

## ഏൽപ്പിച്ചു കൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ 2-ാം ഖണ്ഡം (3)-ാം ഉപഖണ്ഡ പ്രകാരം 1959-ലെ കേരള മുദ്രപത്ര ആക്റ്റിൽ (1959-ലെ 17), പുതിയതായി ചേർക്കുവാൻ ഉദ്ദേശിക്കുന്ന 10 ബി വകുപ്പ്, ഔദ്യോഗിക ഗസറ്റ് വിജ്ഞാപനം വഴി, ട്രഷറി വകുപ്പിനെ കേന്ദ്ര റിക്കാർഡ് സൂക്ഷിപ്പ് ഏജൻസിയായി നിയമിക്കുന്നതിനും അതിന്, ഇ-മുദ്ര വിതരണം ചെയ്യുന്നത് സംബന്ധിച്ചുള്ള കർത്തവ്യങ്ങളും ചുമതലകളും നിർണ്ണയിക്കുന്നതിനും സർക്കാരിനെ അധികാരപ്പെടുത്തുന്നു.

2. ബില്ലിലെ 2-ാം ഖണ്ഡം (4)-ാം ഉപഖണ്ഡപ്രകാരം 1959-ലെ കേരള മുദ്രപത്ര ആക്റ്റിൽ (1959-ലെ 17), പുതിയതായി ചേർക്കുവാൻ ഉദ്ദേശിക്കുന്ന 12 എ വകുപ്പ് രജിസ്റ്ററിംഗ് ഉദ്യോഗസ്ഥനോ അല്ലെങ്കിൽ സർക്കാർ ഇതിലേയ്ക്കായി അധികാരപ്പെടുത്തിയ മറ്റേതെങ്കിലും ഉദ്യോഗസ്ഥനോ, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം, ഓൺലൈൻ കമ്പ്യൂട്ടർ വെരിഫിക്കേഷൻ സംവിധാനം വഴി, ഒരു കരണത്തിലെ ഏതെങ്കിലും ഇ-മുദ്ര അത് വീണ്ടും ഉപയോഗിക്കുവാൻ സാധ്യമല്ലാത്തവിധം, റദ്ദാക്കുന്ന രീതി നിർണ്ണയിക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു.

3. ബില്ലിലെ 2-ാം ഖണ്ഡം (7)-ാം ഉപഖണ്ഡപ്രകാരം 1959-ലെ കേരള മുദ്രപത്ര ആക്ടിൽ (1959-ലെ 17), 69-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (എ) ഖണ്ഡത്തിനു ശേഷം കൂട്ടി ചേർക്കാനുദ്ദേശിക്കുന്ന പുതിയ (എഎ) ഖണ്ഡം ഇ-പേയ്മെന്റ് മുഖേന മുദ്രവില നൽകുന്നതിന്റേയും തിരികെ നൽകുന്നതിന്റേയും രീതി നിർണ്ണയിക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു.

4. ബില്ലിലെ 6-ാം ഖണ്ഡം, (10)-ാം ഉപഖണ്ഡപ്രകാരം 2003-ലെ കേരള മൂല്യവർദ്ധിത നികുതി ആക്ടിൽ (2004-ലെ 30), പുതിയതായി ചേർക്കുവാൻ ഉദ്ദേശിക്കുന്ന 96എ എന്ന പുതിയ വകുപ്പ്, നികുതി നിർണ്ണയവും പുനഃനിർണ്ണയവും വേഗത്തിൽ തീർപ്പാക്കുന്നതിനായി ഘടന, പ്രവർത്തനം, നടപടി ക്രമം ഫാസ്റ്റ് ട്രാക്ക് രീതിയിൽ നികുതിനിർണ്ണയം ആരംഭിക്കുന്നതിനും പൂർത്തിയാക്കുന്നതിനുമുള്ള രീതി എന്നിവ വ്യക്തമാക്കിക്കൊണ്ട് ഒരു പ്രത്യേക പദ്ധതി രൂപീകരിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

ഏതു കാര്യങ്ങളെ സംബന്ധിച്ചാണോ അല്ലെങ്കിൽ ചട്ടങ്ങൾ ഉണ്ടാക്കാവുന്നത് അല്ലെങ്കിൽ വിജ്ഞാപനങ്ങൾ പുറപ്പെടുവിക്കാവുന്നത് അവ ഭരണപരമോ, സാധാരണമോ ആയ സ്വഭാവത്തോടുകൂടിയതോ ആണ്. കൂടാതെ ചട്ടങ്ങൾ അവ ഉണ്ടാക്കിയതിനു ശേഷം നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയവുമാണ്. ഏൽപ്പിച്ചു കൊടുത്ത നിയമനിർമ്മാണ അധികാരം, അതിനാൽ, സാധാരണ സ്വഭാവത്തോടു കൂടിയതാണ്.

ഡോ. ടി. എം. തോമസ് ഐസക്

(ശരിത്തർജ്ജമ)

## 1959-ലെ കേരള മുദ്രപ്പത്ര ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

(1959-ലെ 17)

** ** ** **

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ സന്ദർഭത്തിനു മറ്റു വിധത്തിൽ ആവശ്യമില്ലാത്തപക്ഷം:—

** ** ** **

(ഈ) "ശരിയായി മുദ്രപതിച്ച്" എന്നതിന് ഒരു കരണത്തെ സംബന്ധിച്ചിടത്തോളം ആ കരണത്തിന്മേൽ ശരിയായ മുദ്രവിലയിൽ കുറയാതെ ഒട്ടിച്ചതോ അടിച്ചതോ ആയ മുദ്രയുണ്ടെന്നും ആ മുദ്ര കേരള സംസ്ഥാന പ്രദേശങ്ങളിൽ തൽക്കാലം നടപ്പുള്ള നിയമമനുസരിച്ച് പതിച്ചതോ ഉപയോഗിച്ചതോ ആണെന്നും അർത്ഥമാകുന്നു;

** ** ** **

** ** ** **

(പി) "മുക്ത്യാർ നാമപത്രം" എന്നതിൽ (കോർട്ട്ഫീസിനെ സംബന്ധിച്ച്, തൽക്കാലം നടപ്പുള്ള നിയമപ്രകാരം ഫീസ് ചുമത്തത്തക്ക ഒരു കരണമല്ലാതെ) ഒരാൾ തനിക്കുവേണ്ടിയും തന്റെ പേരിലും പ്രവർത്തിക്കാൻ പ്രത്യേകിച്ചു മറ്റൊരാളെ അധികാരപ്പെടുത്തി എഴുതിക്കൊടുക്കുന്ന വല്ല കരണവും ഉൾപ്പെടുന്നതാകുന്നു;

** ** ** **

"(ക്യൂക്യൂ) 'മുദ്ര' എന്നാൽ സംസ്ഥാന സർക്കാരിനാൽ യഥാവിധി അധികാരപ്പെടുത്തിയ ഏതെങ്കിലും ആളുകളുടെയോ ഏജൻസിയുടെയോ അടയാളമോ, മുദ്രയോ അല്ലെങ്കിൽ പ്രമാണീകരണമോ എന്നർത്ഥമാകുന്നതും ഈ ആക്റ്റിൻകീഴിൽ മുദ്ര വില ചുമത്തേണ്ട ആവശ്യങ്ങൾക്കായുള്ള ഒരു ഒട്ടു മുദ്രയോ, അടിച്ച മുദ്രയോ ഉൾപ്പെടുന്നതുമാകുന്നു.";

10. മുദ്രവില എങ്ങിനെ അടയ്ക്കണമെന്ന്.—(1) ഈ ആക്റ്റിൽ സ്പഷ്ടമായി മറ്റ് വിധത്തിൽ വ്യവസ്ഥ ചെയ്തിരിക്കും പ്രകാരമൊഴികെ വല്ല കരണങ്ങൾക്കും ചുമത്താവുന്ന എല്ലാ മുദ്രവിലകളും മുദ്രകൾമൂലം അടയ്ക്കേണ്ടതും, അടച്ച വിവരം ആ കരണങ്ങളിന്മേൽ—

(എ) ഇതിലടങ്ങിയ വ്യവസ്ഥകൾ അനുസരിച്ചോ, അല്ലെങ്കിൽ,

(ബി) അങ്ങിനെയുള്ള യാതൊരു വ്യവസ്ഥയും അതിന് സംബന്ധിക്കത്തക്കതല്ലാത്തപ്പോൾ ഗവണ്മെന്റ് ചട്ടങ്ങൾമൂലം ആജ്ഞാപിക്കാവുന്ന പ്രകാരമോ, മുദ്രകൾമൂലം കാണിക്കേണ്ടതുമാകുന്നു.

(2) (1)-ാം ഉപവകുപ്പുപ്രകാരമുണ്ടാക്കുന്ന ചട്ടങ്ങൾമൂലം മറ്റ് കാര്യങ്ങളുടെ കൂട്ടത്തിൽ—

(എ) ഓരോ തരം കരണത്തിന്റേയും കാര്യത്തിൽ—ഉപയോഗപ്പെടുത്താവുന്ന മുദ്രകളുടെ വിവരണവും;

(ബി) അടിച്ച മുദ്രയുള്ള കരണങ്ങളുടെ കാര്യത്തിൽ ഉപയോഗപ്പെടുത്താവുന്ന മുദ്രകളുടെ എണ്ണവും ക്രമപ്പെടുത്തി നിശ്ചയിക്കാവുന്നതാണ്.

** ** ** **

"10എ. ഒരു സ്റ്റോക്ക് എക്സ്ചേഞ്ചിലേയോ കമ്മോഡിറ്റി എക്സ്ചേഞ്ചിലേയോ ഒരംഗത്താലോ അതിന്റെ ഇടനിലക്കാരനാലോ ഉള്ള മുദ്രവില കുറയ്ക്കൽ.—(1) സംസ്ഥാനത്തിനുള്ളിൽ വച്ച് ആദ്യമായി നടത്തുന്ന ചരക്കുകളുടെയോ സ്റ്റോക്കിന്റെയോ സെക്യൂരിറ്റികളുടെയോ വാങ്ങലോ വിൽപ്പനയോ സംബന്ധിച്ച് കരാർക്കുറിപ്പോ മെമ്മോറാണ്ടമോ നൽകുന്ന സ്റ്റോക്ക് എക്സ്ചേഞ്ചിന്റെയോ കമ്മോഡിറ്റി എക്സ്ചേഞ്ചിന്റെയോ അംഗമോ അതിന്റെ ഇടനിലക്കാരനോ അത്തരത്തിലുള്ള ഏതെങ്കിലും ഇടപാട് സംസ്ഥാനത്തിനുള്ളിൽ വച്ച് പൂർത്തീകരിക്കുമ്പോൾ അതിന്മേൽ നൽകേണ്ടതായ മുദ്രവിലയിൽ കുറവ് ചെയ്യേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പിനുകീഴിൽ ഏതെങ്കിലും കലണ്ടർ മാസത്തിലേക്ക് കുറയ്ക്കേണ്ടതായ മുദ്രവില തുടർന്ന് വരുന്ന മാസത്തിലെ 7-ാമത്തെ ദിവസമോ അതിനുമുമ്പോ സർക്കാർ ട്രഷറിയിൽ അടയ്ക്കേണ്ടതും, അപ്രകാരം കുറവ് വരുത്തിയ മുദ്രവില സമയത്തിന് അടയ്ക്കാതിരിക്കുന്നപക്ഷം വീഴ്ച വരുത്തിയ തീയതി മുതൽ പ്രതിവർഷം പന്ത്രണ്ട് ശതമാനം നിരക്കിൽ പലിശ സഹിതം അടയ്ക്കേണ്ടതാണ്.

(3) (1)-ാം ഉപവകുപ്പുപ്രകാരം മുദ്രവിലയിൽ കുറവ് വരുത്തുന്നതിൽ എന്തെങ്കിലും വീഴ്ചയോ അഥവാ (2)-ാം ഉപവകുപ്പുപ്രകാരം മുദ്രവില അടയ്ക്കുന്നതിൽ വീഴ്ച വരുത്തുകയോ ചെയ്താൽ അമ്പതിനായിരം രൂപ വരെയാകാവുന്ന പിഴ നൽകി ശിക്ഷിക്കപ്പെടുന്നതാണ്.";

** ** ** **

12. ഒട്ടുമുദ്ര റദ്ദാക്കൽ.—(1) (എ) മുദ്രവില ചുമത്തത്തക്കതും വല്ല ആളും എഴുതി ഒപ്പിട്ട് കൊടുക്കുന്നതുമായ വല്ല കരണത്തിലും വല്ല ഒട്ടുമുദ്രയും പതിക്കുന്ന ആൾ, ആയത് പിന്നെ ഉപയോഗപ്പടുത്തുവാൻ പാടില്ലാത്ത പ്രകാരം അത് ഒട്ടിക്കുന്ന സമയത്ത് തന്നെ റദ്ദാക്കണം.

(ബി) ഒട്ടിച്ച മുദ്രയുള്ള വല്ല കടലാസ്സിലും ഒരു കരണം എഴുതി ഒപ്പിട്ടു കൊടുക്കുന്ന വല്ല ആളും മേൽപ്പറഞ്ഞ പ്രകാരം ആയതു മുമ്പെ റദ്ദാക്കിയിട്ടില്ലാത്തപക്ഷം പിന്നെ ഉപയോഗിക്കാൻ പാടില്ലാത്തവിധത്തിൽ, ഒപ്പിട്ടു കൊടുക്കുന്ന സമയം തന്നെ അത് റദ്ദാക്കേണ്ടതാകുന്നു.

(2) വീണ്ടും ഉപയോഗപ്പെടുത്തുവാൻ പാടില്ലാത്തപ്രകാരം റദ്ദാക്കിയിട്ടില്ലാത്ത ഒട്ടിച്ച മുദ്രയുള്ള വല്ല കരണവും ആ മുദ്രയെ സംബന്ധിച്ചിടത്തോളം മുദ്ര പതിക്കാത്ത കരണമായി കരുതേണ്ടതാകുന്നു.

(3) ഒട്ടിക്കുന്ന ഒരു മുദ്ര (1)-ാം ഉപവകുപ്പുപ്രകാരം റദ്ദാക്കേണ്ട ആൾക്കു ആ മുദ്രയിന്മേലോ അതിന് വിലങ്ങനെയോ തന്റെ പേരോ പേരിന്റെ ആദ്യാക്ഷരങ്ങളോ അല്ലെങ്കിൽ തന്റെ കമ്പനിയുടെ പേരോ പേരിന്റെ ആദ്യാക്ഷരങ്ങളോ എഴുതി താൻ അങ്ങനെ യഥാർത്ഥമായി എഴുതിയ തീയതിവച്ചോ അല്ലെങ്കിൽ മറ്റ് വല്ല ഫലവത്തായ വിധത്തിലോ റദ്ദാക്കാവുന്നതാണ്.

** ** ** **

13. <u>അടിച്ച മുദ്രയുള്ള കരണങ്ങൾ എങ്ങിനെ എഴുതണമെന്ന് .</u>—അടിച്ച മുദ്രയുള്ള കടലാസ്സിൽ എഴുതുന്ന എല്ലാ കരണവും കരണത്തിന്മേൽ നോക്കുമ്പോൾ മുദ്ര കാണത്തക്കവണ്ണവും മറ്റൊരു കരണത്തിന് അത് ഉപയോഗിക്കുകയോ, സംബന്ധിപ്പിക്കുകയോ ചെയ്യാൻ പാടില്ലാത്തപ്രകാരവും എഴുതേണ്ടതാകുന്നു.

** ** ** **

47. <u>കേടുവന്ന മുദ്രസാധനങ്ങൾക്ക് വകവച്ച് കൊടുക്കൽ.</u>—ആവശ്യപ്പെടേണ്ടുന്ന തെളിവിന്റെയോ നടത്തേണ്ടുന്ന അന്വേഷണത്തിന്റെയോ കാര്യത്തിൽ ഗവൺമെന്റുണ്ടാക്കാവുന്ന ചട്ടങ്ങൾക്ക് വിധേയമായി 48-ാം വകുപ്പിൽ നിർണ്ണയിച്ച സമയത്തിനുള്ളിൽ അപേക്ഷിക്കുകയും ആ സംഗതികൾ തനിക്ക് ബോദ്ധ്യമാകുകയും ചെയ്താൽ, താഴെ പറയുന്ന കാര്യങ്ങളിൽ കേടുവന്നുപോയ, അടിച്ച മുദ്രസാധനങ്ങൾക്ക് കളക്റ്റർ വകവച്ച് കൊടുക്കാവുന്നതാണ് അതായത്.—

(എ) ഏതെങ്കിലും കടലാസ്സിലെഴുതിയ ഏതെങ്കിലും കരണം ഏതെങ്കിലും ആൾ ഒപ്പിട്ടുകൊടുക്കുംമുമ്പേ സൂക്ഷ്മക്കേടിനാലും മനഃപൂർവ്വമല്ലാതെയും കേടുവരികയോ, മാഞ്ഞുപോകയോ അല്ലെങ്കിൽ എഴുതിയതിലെ തെറ്റ് കൊണ്ടോ മറ്റു വല്ല വിധത്തിലോ ഉദ്ദിഷ്ട കാര്യത്തിനു കൊള്ളരുതാതെ വരികയോ ചെയ്ത മുദ്രസാധനം ;

** ** ** **

69. <u>ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം.</u>—(1) ഗവൺമെന്റ് ഗസറ്റിൽ പരസ്യംമൂലം, ഈ ആക്റ്റിന്റെ ആവശ്യങ്ങൾ പൊതുവായി നിർവ്വഹിക്കുന്നതിന് ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകമായും, മേൽപ്പറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ദൂഷ്യം കൂടാതെയും,

(എ) മുദ്രകളും മുദ്രപ്പത്രങ്ങളും കൊടുക്കുന്നതിനേയും വിൽക്കുന്നതിനേയും,

** ** ** **

# 1963-ലെ കേരള പൊതുവിൽപന നികുതി ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

(1963-ലെ 15)

** ** ** **

23ബി. ചില സംഗതികളിൽ കുടിശ്ശിക കുറവ് ചെയ്യൽ.—(1) ഈ ആക്റ്റിലോ അല്ലെങ്കിൽ ഏതെങ്കിലും കോടതിയുടെയോ ട്രിബ്യൂണലിന്റെയോ അപ്പലേറ്റ് അതോറിറ്റിയുടെയോ ഏതെങ്കിലും വിധിന്യായത്തിലോ ഡിക്രിയിലോ ഉത്തരവിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, 2005 മാർച്ച് 31-ാം തീയതി അവസാനിക്കുന്ന കാലയളവുമായി ബന്ധപ്പെട്ട് ഈ ആക്റ്റോ 1956-ലെ കേന്ദ്ര വിൽപ്പന നികുതി ആക്റ്റോ (1956-ലെ 74-ാം കേന്ദ്ര ആക്റ്റ്) പ്രകാരം നികുതിയോ മറ്റേതെങ്കിലും തുകയോ കുടിശ്ശിക വരുത്തിയിട്ടുള്ള ഒരു നികുതിദായകന് താഴെപ്പറയുന്ന നിരക്കുകളിലുള്ള കുറവ് ചെയ്യൽ പ്രയോജനപ്പെടുത്തി കുടിശ്ശിക തീർപ്പാക്കുന്നതിനുവേണ്ടി ഇച്ഛാനുസരണം തെരഞ്ഞെടുക്കാവുന്നതാണ്:

എന്നാൽ, ഭാരത സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ഒരു പൊതുമേഖലാ സ്ഥാപനത്തിന് ഈ വകുപ്പിലെ യാതൊന്നും ബാധകമാകുന്നതല്ല.";

** ** ** **

(3) (1)-ാം ഉപവകുപ്പുപ്രകാരം കുടിശ്ശിക അടയ്ക്കാൻ ആഗ്രഹിക്കുന്ന ഒരു വ്യാപാരി നിർണ്ണയിക്കപ്പെട്ട ഫാറത്തിൽ 2017 ഫെബ്രുവരി 28-ാം തീയതിയ്ക്ക് മുൻപോ അല്ലെങ്കിൽ സർക്കാർ വിജ്ഞാപനം ചെയ്യാവുന്ന തീയതിക്ക് മുൻപോ നികുതിനിർണ്ണയ അധികാരിക്ക് ഒരു അപേക്ഷ നൽകേണ്ടതാണ്.

(4) (3)-ാം ഉപവകുപ്പുപ്രകാരമുള്ള ഒരു അപേക്ഷ ലഭിച്ചാൽ, നികുതിനിർണ്ണയ അധികാരി ആയത് പരിശോധിക്കേണ്ടതും കിട്ടാനുള്ള തുക നികുതിദായകനെ അറിയിക്കേണ്ടതും, നികുതിദായകൻ 2017 ഫെബ്രുവരി 28-ാം തീയതിയോ അതിനുമുൻപോ ആ തുക മൊത്തമായോ മൂന്ന് തുല്യ ഗഡുക്കളായോ അടയ്ക്കേണ്ടതുമാണ് :

** ** ** **

"(8) ഒരു വ്യാപാരി, 2003-ലെ കേരള മൂല്യവർദ്ധിത നികുതി ആക്റ്റിന്റെ (2004-ലെ 30) പ്രാരംഭത്തിന് ശേഷവും വ്യാപാരം തുടരുകയാണെങ്കിൽ, (1)-ാം ഉപവകുപ്പ് പ്രകാരം കുടിശ്ശിക നൽകുന്നതിനുള്ള, ഓപ്ഷൻ ഫയൽ ചെയ്യുന്നതിന് മുമ്പായി അയാൾ പ്രസ്തുത ആക്റ്റിന് കീഴിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്.".

# 1976-ലെ കേരള ആഡംബരങ്ങളിൻമേലുള്ള നികുതി ആക്റ്റിൽ നിന്നുള്ള പ്രസക്തഭാഗങ്ങൾ
(1976-ലെ 32)

** ** ** **

"10ബി. ചില സംഗതികളിൽ കുടിശ്ശിക ഇളവുചെയ്യൽ.—ഈ ആക്റ്റിലോ അല്ലെങ്കിൽ ഏതെങ്കിലും കോടതിയുടെയോ ട്രിബ്യൂണലിന്റെയോ അപ്പലേറ്റ് അതോറിറ്റിയുടെയോ ഏതെങ്കിലും വിധിന്യായത്തിലോ ഡിക്രിയിലോ ഏതെങ്കിലും ഉത്തരവിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, 2005 മാർച്ച് 31-ാം തീയിതി അവസാനിക്കുന്ന കാലയളവുമായി ബന്ധപ്പെട്ട് ഈ ആക്റ്റ് പ്രകാരം നികുതിയോ മറ്റേതെങ്കിലും തുകയോ കുടിശ്ശിക വരുത്തിയിട്ടുള്ള ഒരു നികുതിദായകന് താഴെപ്പറയുന്ന നിരക്കിലുള്ള കുറവുചെയ്യൽ പ്രയോജനപ്പെടുത്തി കുടിശ്ശിക തീർപ്പാക്കുന്നതിനുവേണ്ടി തെരഞ്ഞെടുക്കാവുന്നതാണ്:

(എ) 1991 മാർച്ച് 31-ാം തീയതി ഉൾപ്പെടെ അതുവരെയുള്ള കാലയളവുമായി ബന്ധപ്പെട്ട ഡിമാന്റുകളുടെ സംഗതിയിൽ, മുഖ്യനികുതി തുകയ്ക്ക് ഇരുപത്തി അഞ്ച് ശതമാനം കുറവുചെയ്യലും നികുതി തുകയിന്മേലുള്ള പലിശയ്ക്കും പിഴ തുകയക്കും അതിന്മേലുള്ള പലിശയ്ക്കും മുഴുവൻ കുറവുചെയ്യലും,

(ബി) 1991 ഏപ്രിൽ 1-ാം തീയതി മുതൽ 1996 മാർച്ച് 31-ാം തീയതി വരെയുള്ള കാലയളവുമായി ബന്ധപ്പെട്ട ഡിമാന്റുകളുടെ സംഗതിയിൽ, നികുതി തുകയിന്മേലുള്ള പലിശയ്ക്കും പിഴ തുകയ്ക്കും അതിന്മേലുള്ള പലിശയ്ക്കും മുഴുവൻ കുറവുചെയ്യലും,

(സി) 1996 ഏപ്രിൽ 1-ാം തീയതി മുതൽ 2000 മാർച്ച് 31-ാം തീയതി വരെയുള്ള കാലയളവുമായി ബന്ധപ്പെട്ട ഡിമാന്റുകളുടെ സംഗതിയിൽ, നികുതി തുകയിന്മേലുള്ള പലിശയ്ക്കും പിഴ തുകയ്ക്കും അതിന്മേലുള്ള പലിശയ്ക്കും തൊണ്ണൂറ്റി അഞ്ച് ശതമാനം കുറവുചെയ്യലും,

(ഡി) 2000 ഏപ്രിൽ 1-ാം തീയതി മുതൽ 2005 മാർച്ച് 31-ാം തീയതി വരെയുള്ള കാലയളവുമായി ബന്ധപ്പെട്ട ഡിമാന്റുകളുടെ സംഗതിയിൽ, നികുതി തുകയിന്മേലുള്ള പലിശയ്ക്കും പിഴ തുകയ്ക്കും അതിന്മേലുള്ള പലിശയ്ക്കും തൊണ്ണൂറ് ശതമാനം കുറവുചെയ്യലും.

(2) 1968-ലെ നികുതിവസൂലാക്കൽ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, നികുതി വസൂലാക്കൽ നടപടികൾ ആരംഭിച്ചിട്ടുള്ളതും (1)-ാം ഉപവകുപ്പ് പ്രകാരമുള്ള കുടിശ്ശിക കുറവുചെയ്യൽ ബാധകമാക്കിയിട്ടുള്ള സംഗതികളിലും, അങ്ങനെയുള്ള തുകകൾ നികുതിനിർണ്ണയ അധികാരികൾക്ക് (1)-ാം ഉപവകുപ്പ് പ്രകാരമുള്ള തീർപ്പാക്കൽ

പ്രകാരം ഈടാക്കാൻ അധികാരമുണ്ടായിരിക്കുകയും (1)-ാം ഉപവകുപ്പുപ്രകാരം തുക തീർപ്പാക്കുന്നിടത്ത് നികുതി നിർണ്ണയ അധികാരികൾ അങ്ങനെയുള്ള നികുതിദായകർക്ക് എതിരെയുള്ള നികുതി വസൂലാക്കൽ നടപടികൾ പിൻവലിക്കേണ്ടതും അപ്പോൾ മുതൽ അത് റവന്യൂ അധികാരികൾക്ക് ബാധകമായിരിക്കുന്നതും അങ്ങനെയുള്ള നികുതിദായകർ ഏതെങ്കിലും കളക്ഷൻ ചാർജ്ജുകൾ നൽകാൻ ബാദ്ധ്യസ്ഥരായിരിക്കുന്നതുമല്ല.

(3) ഈ വകുപ്പ് പ്രകാരം കുടിശ്ശിക അടയ്ക്കാൻ ആഗ്രഹിക്കുന്ന ഒരു നികുതിദായകൻ 2008 സെപ്റ്റംബർ 30-ാം തീയതിക്ക് മുൻപോ സർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ള അങ്ങനെയുള്ള തീയതിയിലോ നിർണ്ണയിക്കപ്പെട്ട ഫോറത്തിൽ നികുതിനിർണ്ണയ അധികാരിക്ക് ഒരു അപേക്ഷ നൽകേണ്ടതാണ്.

(4) (3)-ാം ഉപവകുപ്പുപ്രകാരമുള്ള ഒരു അപേക്ഷ കിട്ടിയാൽ നികുതിനിർണ്ണയ അധികാരി (1)-ാം ഉപവകുപ്പുപ്രകാരം നികുതിദായകനിൽ നിന്നും കിട്ടാനുള്ള യഥാർത്ഥമായ നികുതി തുകയും മറ്റു തുകകളും കണക്കാക്കേണ്ടതും, നികുതിദായകനെ ആ തുക അറിയിക്കേണ്ടതും, അതിനുശേഷം അറിയിപ്പ് കിട്ടി പതിനഞ്ച് ദിവസങ്ങൾക്കകം തുകയുടെ ഇരുപത്തി അഞ്ച് ശതമാനം നികുതിദായകൻ അടയ്ക്കേണ്ടതും ബാക്കി തുക മൂന്ന് തുല്യ മാസത്തവണകളായി പിന്നീട് വരുന്ന മാസം മുതൽ അടയ്ക്കേണ്ടതുമാണ്.

(5) തവണകൾ അടയ്ക്കുന്നതിൽ നികുതിദായകൻ എന്തെങ്കിലും വീഴ്ച വരുത്തുകയാണെങ്കിൽ, (1)-ാം ഉപവകുപ്പുപ്രകാരം അനുവദിച്ചിട്ടുള്ള കുറവു ചെയ്യൽ പിൻവലിക്കപ്പെടാൻ അർഹനാകുന്നതാണ്.

(6) നികുതിദായകന് നോട്ടീസ് നൽകാതെ (5)-ാം ഉപവകുപ്പുപ്രകാരമുള്ള യാതൊരു നടപടിയും എടുക്കാൻ പാടുള്ളതല്ല.

(7) ഈ വ്യവസ്ഥപ്രകാരം തീർപ്പാക്കിയ കുടിശ്ശിക നേരത്തെതന്നെ അപ്പീലിലെയോ റിവിഷനിലെയോ ഒരു വിഷയമായിരുന്നെങ്കിൽ അങ്ങനെയുള്ള അപ്പീലും റിവിഷനും തുടരാവുന്നതും അങ്ങനെയുള്ള അപ്പീലിലെയോ റിവിഷനിലെയോ അന്തിമ ഉത്തരവ് ഈ ആക്റ്റ് പ്രകാരം നൽകേണ്ടതായ നികുതിയിൽ കുറവ് വരുത്തുന്നതാണെങ്കിൽ അപ്രകാരം കുറവുചെയ്ത തുക തിരികെ നൽകേണ്ടതുമാണ്. എന്നാൽ, അങ്ങനെയുള്ള അപ്പീലിന്റെയോ റിവിഷന്റെയോ ഫലമായി ഈ ആക്റ്റ് പ്രകാരം നൽകേണ്ടതായ നികുതി വർദ്ധിപ്പിക്കപ്പെടുകയാണെങ്കിൽ ഈ ആക്റ്റിലെ വ്യവസ്ഥകൾക്കനുസൃതമായി അപ്രകാരം വർദ്ധിപ്പിച്ച തുകയും അതിന്മേലുള്ള പലിശയും സഹിതം നികുതിദായകൻ നൽകേണ്ടതാണ്."

# 1991-ലെ കേരള കാർഷികാദായ നികുതി ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ (1991-ലെ 15)

** ** ** **

"37സി. ചില സംഗതികളിൽ കുടിശ്ശിക കുറവ് ചെയ്യൽ.—(1) ഈ ആക്ടിലോ അല്ലെങ്കിൽ ഏതെങ്കിലും കോടതിയുടെയോ ട്രൈബ്യൂണലിന്റെയോ അപ്പലേറ്റ് അതോറിറ്റിയുടെയോ ഏതെങ്കിലും വിധിന്യായത്തിലോ ഡിക്രിയിലോ അല്ലെങ്കിൽ ഉത്തരവിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, 2005 മാർച്ച് 31-ാം തീയതി അവസാനിക്കുന്ന കാലയളവുമായി ബന്ധപ്പെട്ട് ഈ ആക്ട് പ്രകാരം നികുതിയോ മറ്റേതെങ്കിലും തുകയോ കുടിശ്ശിക വരുത്തിയിട്ടുള്ള ഒരു നികുതിദായകന് താഴെപ്പറയുന്ന നിരക്കുകളിലുള്ള കുറവ് ചെയ്യൽ പ്രയോജനപ്പെടുത്തി കുടിശ്ശിക തീർപ്പാക്കുന്നതിനുവേണ്ടി തെരഞ്ഞെടുക്കാവുന്നതാണ് :—

(എ) 1991, മാർച്ച് 31-ാം തീയതി ഉൾപ്പെടെയും, അതുവരെയുള്ള കാലയളവുമായി ബന്ധപ്പെട്ട ഡിമാന്റുകളുടെ സംഗതിയിൽ, മുഖ്യ നികുതി തുകയ്ക്ക് ഇരുപത്തിയഞ്ച് ശതമാനം കുറവു ചെയ്യലും, നികുതി തുകയിന്മേലുള്ള പലിശയ്ക്കും പിഴ തുകയ്ക്കും അതിൻമേലുള്ള പലിശയ്ക്കും മുഴുവൻ കുറവുചെയ്യലും;

(ബി) 1991, ഏപ്രിൽ 1-ാം തീയതി മുതൽ 1996, മാർച്ച് 31-ാം തീയതിവരെയുള്ള കാലയളവുമായി ബന്ധപ്പെട്ട ഡിമാന്റുകളുടെ സംഗതിയിൽ, നികുതി തുകയിൻമേലുള്ള പലിശയ്ക്കും പിഴ തുകയ്ക്കും അതിൻമേലുള്ള പലിശയ്ക്കും മുഴുവൻ കുറവുചെയ്യലും;

(സി) 1996, ഏപ്രിൽ 1-ാം തീയതി മുതൽ 2000, മാർച്ച് 31-ാം തീയതിവരെയുള്ള കാലയളവുമായി ബന്ധപ്പെട്ട ഡിമാന്റുകളുടെ സംഗതിയിൽ, നികുതി തുകയിൻമേലുള്ള പലിശയ്ക്കും പിഴ തുകയ്ക്കും അതിൻമേലുള്ള പലിശയ്ക്കും തൊണ്ണൂറ്റിയഞ്ച് ശതമാനം കുറവുചെയ്യലും;

(ഡി) 2000, ഏപ്രിൽ 1-ാം തീയതി മുതൽ 2005, മാർച്ച് 31-ാം തീയതിവരെയുള്ള കാലയളവുമായി ബന്ധപ്പെട്ട ഡിമാന്റുകളുടെ സംഗതിയിൽ, നികുതി തുകയിൻമേലുള്ള പലിശയ്ക്കും പിഴ തുകയ്ക്കും അതിൻമേലുള്ള പലിശയ്ക്കും തൊണ്ണൂറ് ശതമാനം കുറവുചെയ്യലും;

(ഇ) ഈ ആക്ടിലെ 91 എ വകുപ്പ് പ്രാബല്യത്തിൽ വരുന്നതിനുമുമ്പ് മുതൽ തുക അടച്ച സംഗതികളിൽ, പലിശ തുകയ്ക്ക് തൊണ്ണൂറ് ശതമാനം കുറവു ചെയ്യലും.

(2) 1968-ലെ കേരള നികുതി വസൂലാക്കൽ ആക്ടിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, നികുതി വസൂലാക്കൽ നടപടികൾ ആരംഭിച്ചിട്ടുള്ളതും, (1)-ാം ഉപവകുപ്പ് പ്രകാരം കുടിശ്ശികകളിൽ ഇളവ് ബാധകമാക്കിയിട്ടുള്ള സംഗതികളിലും അങ്ങനെയുള്ള തുകകൾ നികുതി നിർണ്ണയ അധികാരസ്ഥാനങ്ങൾക്ക് (1)-ാം ഉപവകുപ്പ് പ്രകാരമുള്ള

തീർപ്പാക്കൽ പ്രകാരം ഈടാക്കാൻ അധികാരമുണ്ടായിരിക്കുകയും, (1)-ാം ഉപവകുപ്പ് പ്രകാരം തുക തീർപ്പാക്കുന്നിടത്ത് നികുതി നിർണ്ണയ അധികാരസ്ഥാനം അങ്ങനെയുള്ള നികുതിദായകനെതിരെയുള്ള നികുതി വസൂലാക്കൽ നടപടികൾ പിൻവലിക്കേണ്ടതും, അപ്പോൾ മുതൽ അത് റവന്യൂ അധികാരികൾക്ക് ബാധകമായിരിക്കുന്നതും, അങ്ങനെയുള്ള നികുതിദായകർ ഏതെങ്കിലും കളക്ഷൻ ചാർജുകൾ നൽകാൻ ബാദ്ധ്യസ്ഥരായിരിക്കുന്നതുമല്ല.

(3) ഈ വകുപ്പ് പ്രകാരം കുടിശ്ശിക അടയ്ക്കാൻ ആഗ്രഹിക്കുന്ന ഒരു നികുതി ദായകൻ, നിർണ്ണയിക്കപ്പെട്ട ഫാറത്തിൽ 2009 ജൂൺ 30-ാം തീയതിക്ക് മുമ്പോ സർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ള തീയതിയിലോ നികുതി നിർണ്ണയ അധികാരസ്ഥാനത്തിന് ഒരു അപേക്ഷ നൽകേണ്ടതാണ്.

(4) (3)-ാം ഉപവകുപ്പ് പ്രകാരമുള്ള ഒരു അപേക്ഷ കിട്ടിയാൽ, നികുതി നിർണ്ണയ അധികാരസ്ഥാനം അത് പരിശോധിക്കേണ്ടതും നികുതിദായകനെ ആ തുക അറിയിക്കേണ്ടതും, അതിനുശേഷം അറിയിപ്പ് കിട്ടി 15 ദിവസങ്ങൾക്കകം തുകയുടെ ഇരുപത്തിയഞ്ച് ശതമാനം നികുതിദായകൻ അടയ്ക്കേണ്ടതും, ബാക്കി തുക മൂന്ന് തുല്യ മാസത്തവണകളായി തൊട്ടടുത്ത മാസം മുതൽ അടയ്ക്കേണ്ടതുമാണ്.

(5) തവണകൾ അടയ്ക്കുന്നതിൽ നികുതിദായകൻ എന്തെങ്കിലും വീഴ്ച വരുത്തുകയാണെങ്കിൽ, (1)-ാം ഉപവകുപ്പ് പ്രകാരം അനുവദിച്ചിട്ടുള്ള കുറവു ചെയ്യൽ പിൻവലിക്കപ്പെടുന്നതാണ്.

(6) നികുതിദായകന് നോട്ടീസ് നൽകാതെ (5)-ാം ഉപവകുപ്പ് പ്രകാരമുള്ള യാതൊരു നടപടിയും എടുക്കാൻ പാടുള്ളതല്ല.

(7) ഈ വ്യവസ്ഥ പ്രകാരം തീർപ്പാക്കിയ തുക അപ്പീലിലെയോ റിവിഷനിലെയോ വിഷയമായിരുന്നെങ്കിൽ, അങ്ങനെയുള്ള അപ്പീലും റിവിഷനും തുടരാവുന്നതും, അങ്ങനെയുള്ള അപ്പീലിലെയോ റിവിഷനിലെയോ അന്തിമ ഉത്തരവ്, ഈ ആക്ട് പ്രകാരം നൽകേണ്ടതായ നികുതിയിൽ കുറവ് വരുത്തുന്നതാണെങ്കിൽ, അപ്രകാരം കുറവ് ചെയ്ത തുക തിരികെ നൽകേണ്ടതാണ്. എന്നാൽ അങ്ങനെയുള്ള അപ്പീലിന്റെയോ റിവിഷന്റെയോ ഫലമായി, ഈ ആക്ട് പ്രകാരം നൽകേണ്ടതായ നികുതി വർദ്ധിപ്പിക്കപ്പെടുകയാണെങ്കിൽ, ഈ ആക്ടിലെ വ്യവസ്ഥകൾക്കനുസൃതമായി അപ്രകാരം വർദ്ധിപ്പിച്ച തുകയും അതിന്മേലുള്ള പലിശയും സഹിതം നികുതിദായകൻ നൽകേണ്ടതാണ്.";

# 2003-ലെ കേരള മൂല്യവർദ്ധിത നികുതി ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ (2004-ലെ 30-ാം ആക്റ്റ്)

** ** ** **

6. ചരക്കുകൾ വിൽക്കുകയോ വാങ്ങുകയോ ചെയ്യുന്നതിന് നികുതി ചുമത്തൽ.—(1) ഒരു വർഷത്തെ മൊത്തം വിറ്റുവരവ് പത്ത് ലക്ഷം രൂപയിൽ കുറയാത്ത ഓരോ വ്യാപാരിയോ ഓരോ ഇറക്കുമതിക്കാരനോ വല്ലപ്പോഴും കച്ചവടം ചെയ്യുന്ന ആളോ നിവാസേതര വ്യാപാരിയുടെ ഏജന്റോ സ്വർണ്ണം, വെള്ളി, പ്ളാറ്റിനം വിഭാഗത്തിൽപ്പെട്ട ലോഹങ്ങളിലുള്ള ആഭരണങ്ങളുടെ അഥവാ വെള്ളിയിലുള്ള സാധനങ്ങളുടെ വ്യാപാരിയോ കരാറുകാരനോ അല്ലെങ്കിൽ ഏതെങ്കിലും സംസ്ഥാന സർക്കാരോ, കേന്ദ്ര സർക്കാരോ അല്ലെങ്കിൽ ഏതെങ്കിലും കേന്ദ്രഭരണ പ്രദേശത്തെ സർക്കാരോ അതിന്റെ ഏതെങ്കിലും വകുപ്പോ അല്ലെങ്കിൽ ഏതെങ്കിലും തദ്ദേശാധികാര സ്ഥാനമോ ഏതെങ്കിലും സ്വയംഭരണനികായമോ അല്ലെങ്കിൽ ഏതെങ്കിലും മൾട്ടിലെവൽ മാർക്കറ്റിംഗ് സ്ഥാപനമോ മൾട്ടിലെവൽ മാർക്കറ്റിംഗിൽ ഏർപ്പെട്ടിരിക്കുന്ന അവരുടെ വിതരണക്കാരനും ഏജന്റും അല്ലെങ്കിൽ വിതരണക്കാരനോ ഏജന്റോ ആ വർഷത്തെ അയാളുടെ മൊത്തം വിറ്റുവരവ് എത്രയായിരുന്നാലും അയാൾ, അയാളുടെ സാധനങ്ങളുടെ വിറ്റുവരവിന് ഈ ആക്ടിൽ വ്യവസ്ഥ ചെയ്ത പ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥനാണ്,—

(എ) ** ** ** **

** ** ** **

(എഫ്) ** ** ** **

എന്നാൽ കേന്ദ്രഭരണ പ്രദേശമായ ലക്ഷദ്വീപിന്റെ അഡ്മിനിസ്ട്രേറ്റർക്കോ കോഴിക്കോട് ലക്ഷദ്വീപ് കോ-ഓപ്പറേറ്റീവ് മാർക്കറ്റിംഗ് ഫെഡറേഷന്റെയോ ലക്ഷദ്വീപ് ഹാർബർ വർക്സിന്റെയോ കേന്ദ്രഭരണ പ്രദേശമായ ലക്ഷദ്വീപ് അഡ്മിനിസ്ട്രേറ്റർ സാക്ഷ്യപത്രം നൽകിയ രജിസ്റ്റർ ചെയ്ത വ്യാപാരിക്കും വില്പന നടത്തുന്നതിന് (ഡി) ഖണ്ഡപ്രകാരം നൽകേണ്ടതായ നികുതി, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള വ്യവസ്ഥകൾക്ക് വിധേയമായി, അഞ്ച് ശതമാനം നിരക്കിലായിരിക്കുന്നതാണ്:

** ** ** **

എന്നിരുന്നാൽ തന്നെയും, 2013-14, 2014-15 എന്നീ സാമ്പത്തിക വർഷങ്ങളിലെ, സ്റ്റൈയറോഫോം കൊണ്ടുണ്ടാക്കിയ ഡിസ്പോസിബിൾ പ്ലേറ്റുകളുടെയും, കപ്പുകളുടെയും വിൽപ്പനയിന്മേലുള്ള നികുതി നിരക്ക് അഞ്ച് ശതമാനമായിരിക്കുന്നതാണ്";

** ** ** **

24. കണക്ക് പരിശോധിച്ചുള്ള തിട്ടപ്പെടുത്തൽ.—(1) ഈ ആക്ടിലെ മറ്റേതെങ്കിലും വ്യവസ്ഥയിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഏതെങ്കിലും വ്യാപാരി,—

(എ) അയാളുടെ കണക്ക് പുസ്തകങ്ങളോ മറ്റ് രേഖകളോ ഓഡിറ്റ് ചെയ്യുമ്പോൾ, മറ്റ് വിധത്തിലോ ഏതെങ്കിലും റിട്ടേൺ കാലാവധിക്ക് ശരിയല്ലാത്തതോ പൂർണ്ണമല്ലാത്തതോ ആയ റിട്ടേൺ സമർപ്പിച്ചതായി കാണുകയോ; അഥവാ

(ബി) വ്യാപാരിയുടെ വ്യാപാര സ്ഥലത്ത് ഓഡിറ്റിനായി ഓഡിറ്റ് ഓഫീസർ ആവശ്യപ്പെട്ട ഏതെങ്കിലും കണക്കുകളോ മറ്റ് രേഖകളോ ലഭ്യമാക്കാൻ വീഴ്ച വരുത്തുകയോ, അഥവാ

(സി) നിക്ഷേപ വിഭവ നികുതി ഇളവിനുള്ള അവകാശവാദമോ അവകാശമുന്നയിച്ച മടക്കി നൽകലോ പ്രത്യേക കിഴിവോ തെളിയിക്കുന്നതിൽ പരാജയപ്പെടുന്നെങ്കിൽ ഓഡിറ്റ് ഓഫീസർക്ക്, റിട്ടേണുമായി ബന്ധപ്പെട്ട വർഷത്തിന്റെ അവസാനത്തെ തീയതി മുതൽ മൂന്ന് വർഷത്തിനുള്ളിൽ ഏതു സമയത്തും അദ്ദേഹത്തിന് ആവശ്യമെന്ന് കരുതാവുന്ന അങ്ങനെയുള്ള അന്വേഷണം നടത്തിയശേഷം, അങ്ങനെയുള്ള റിട്ടേൺ കാലയളവിലേക്കുള്ള റിട്ടേണുകൾ തള്ളിക്കളയാവുന്നതും ഏറ്റവും യുക്തിസഹമായ രീതിയിൽ നികുതി തിട്ടപ്പെടുത്തലുകൾ പൂർത്തീകരിക്കാവുന്നതാണ്:

** ** ** **

"എന്നിരുന്നാൽത്തന്നെയും 2015 മാർച്ച് 31-ാം തീയതി കാലാവധി അവസാനിക്കുന്ന 25 ബി വകുപ്പ് പ്രകാരം ദീർഘിപ്പിക്കലിന് വിധേയമായിട്ടുള്ളവ ഉൾപ്പെടെ, നികുതി തിട്ടപ്പെടുത്തൽ പൂർത്തിയാക്കുന്നതിനുള്ള കാലയളവ് 2016 മാർച്ച് 31-ാം തീയതിവരെ ദീർഘിപ്പിക്കുന്നതാണ്.";

** ** ** **

25. <u>വിട്ടുപോയിട്ടുള്ള വിറ്റുവരവ് നികുതി തിട്ടപ്പെടുത്തൽ</u>.—(1) ഏതെങ്കിലും കാരണവശാൽ വ്യാപാരിയുടെ വ്യാപാരത്തിന്റെ വിറ്റുവരവിന്റെ മുഴുവനുമോ ഏതെങ്കിലും ഭാഗമോ ഏതെങ്കിലും വർഷത്തിൽ നികുതി തിട്ടപ്പെടുത്തലിൽ നിന്ന് വിട്ടുപോകുകയോ, റിട്ടേൺ കാലയളവ് തിട്ടപ്പെടുത്തിയിട്ടുള്ളത് കുറവായിപ്പോകുകയോ തിട്ടപ്പെടുത്തേണ്ട നിരക്കിലും താണ നിരക്കിൽ നികുതി തിട്ടപ്പെടുത്തിയിരിക്കുകയോ അതിൽ നിന്നും ഏതെങ്കിലും കിഴിവ് തെറ്റായി വരുത്തിയിരിക്കുകയോ അഥവാ തെറ്റായി നിക്ഷേപവിഭവ നികുതി ഇളവ് നേടുകയോ ചെയ്തിട്ടുള്ളിടത്ത്, നികുതി തിട്ടപ്പെടുത്തുന്ന അധികാരിക്ക് റിട്ടേണുമായി ബന്ധപ്പെട്ട വർഷത്തെ അവസാന തീയതി മുതൽ അഞ്ചു വർഷത്തിനകം എപ്പോൾ വേണമെങ്കിലും നികുതി തിട്ടപ്പെടുത്തുന്നതിൽ നിന്ന് വിട്ടുപോയിട്ടുള്ളതോ, കുറവായി നികുതി തിട്ടപ്പെടുത്തിയിട്ടുള്ളതോ ചുമത്തേണ്ട നിരക്കിൽ നിന്നും താണ നിരക്കിൽ നികുതി തിട്ടപ്പെടുത്തിയിട്ടുള്ളതോ ഏതിനെ സംബന്ധിച്ചാണോ തെറ്റായി നേടിയിട്ടുള്ളതോ ആയ വിറ്റുവരവ് യുക്തിസഹമായി എത്രയെന്ന് തീരുമാനിക്കുന്നതിന് നടപടി എടുക്കാവുന്നതും, വ്യാപാരിക്ക് നോട്ടീസ് നൽകുകയും തനിക്ക് ആവശ്യമെന്ന് തോന്നുന്ന അന്വേഷണം നടത്തുകയും ചെയ്തശേഷം അങ്ങനെയുള്ള മൊത്ത വിറ്റുവരവിന്മേൽ കൊടുക്കേണ്ട നികുതി തിട്ടപ്പെടുത്തുകയോ അഥവാ നിക്ഷേപ വിഭവ നികുതി ഇളവ് തെറ്റായി നേടിയിട്ടുള്ളത് അനുവദിക്കാതിരിക്കുകയോ ചെയ്യാവുന്നതുമാകുന്നു.

എന്നാൽ ഈ ഉപവകുപ്പ് പ്രകാരം നികുതി തിട്ടപ്പെടുത്തുന്നതിന് മുമ്പായി വ്യാപാരിക്ക് പറയുവാനുള്ളത് കേൾക്കുവാൻ ന്യായമായ ഒരവസരം നൽകേണ്ടതാണ്.

എന്നുമാത്രമല്ല തെറ്റായ നികുതി നിരക്കിന്റെ പ്രയോഗം മൂലമാണ് വിട്ടുപോകലെങ്കിൽ വ്യാപാരി പുതുക്കിയ റിട്ടേൺ സമർപ്പിക്കുകയും തിട്ടപ്പെടുത്തലിൽ വിട്ടുപോയ നികുതിയോടൊപ്പം 31-ാം വകുപ്പ് (5)-ാം ഉപവകുപ്പിൻകീഴിലുള്ള പലിശയും പലിശയുടെ മൂന്നിരട്ടി പിഴയും നൽകുകയാണെങ്കിൽ ഈ ഉപവകുപ്പിൻകീഴിൽ യാതൊരു തിട്ടപ്പെടുത്തലും നടത്താൻ പാടുള്ളതല്ല.

"എന്നിരുന്നാലും 25ബി വകുപ്പ് പ്രകാരം ദീർഘിപ്പിക്കലിന് വിധേയമായിട്ടുള്ളവ ഉൾപ്പെടെ, 2015 മാർച്ച് 31-ാം തീയതി കാലാവധി അവസാനിക്കുന്ന നികുതി തിട്ടപ്പെടുത്തൽ പൂർത്തിയാക്കുന്നതിനുള്ള കാലയളവ് 2016 മാർച്ച് 31-ാം തീയതിവരെ ദീർഘിപ്പിക്കുന്നതാണ്.";

** ** ** **

25ഇ. ആനുമാനിക നികുതി നൽകുന്ന വ്യാപാരികളുടെ നികുതി നിർണ്ണയവും നികുതി നൽകലും സംബന്ധിച്ചുള്ള പ്രത്യേക വ്യവസ്ഥ.—(1) ഈ ആക്റ്റിലോ, അതിൻകീഴിലുണ്ടാക്കിയ ചട്ടങ്ങളിലോ, ഏതെങ്കിലും കോടതിയുടെയോ, ട്രിബ്യൂണലിന്റെയോ, അപ്പലേറ്റ് അല്ലെങ്കിൽ റിവിഷണൽ അതോറിറ്റിയുടെ ഏതെങ്കിലും വിധിന്യായത്തിലോ, ഡിക്രിയിലോ, ഉത്തരവിലോ ഈ ആക്റ്റിൻകീഴിൽ പുറപ്പെടുവിച്ച ഏതെങ്കിലും നികുതി നിർണ്ണയ ഉത്തരവിലോ, പെനാൽറ്റി ഉത്തരവുകളിലോ എന്തു തന്നെയടങ്ങിയിരുന്നാലും, 6-ാം വകുപ്പ്, (5)-ാം ഉപവകുപ്പ് പ്രകാരം നികുതി നൽകുന്നതിന് ഓപ്റ്റ് ചെയ്തിട്ടുള്ളതും 2016 മാർച്ച് 31 വരെയുള്ള കാലയളവിൽ നികുതി തിട്ടപ്പെടുത്തുന്ന അധികാരസ്ഥാനം കണക്കിൽപ്പെടാത്ത വാങ്ങൽ നടത്തിയതായി കണ്ടെത്തിയിട്ടുമുള്ള വ്യാപാരികൾ, അപ്രകാരമുള്ള കണക്കിൽപ്പെടാത്ത വാങ്ങലുകൾക്ക്, പട്ടിക നിരക്കിലുള്ള നികുതിക്കൊപ്പം മൊത്തം ലാഭത്തിന്റെ അഞ്ച് ശതമാനം നൽകി അവരുടെ കേസുകൾ തീർപ്പാക്കാൻ ഓപ്റ്റ് ചെയ്യാവുന്നതും അങ്ങനെ നികുതി അടയ്ക്കുന്നതിന്മേൽ 22-ാം വകുപ്പ് (7)-ാം ഉപവകുപ്പ് പ്രകാരമുള്ള പിഴയുൾപ്പെടെയുള്ള എല്ലാ പിഴകളും പലിശയും ഒഴിവാക്കപ്പെടുന്നതും, അത് താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായിരിക്കുന്നതുമാണ്, അതായത്.—

(എ) ഈ പദ്ധതി ഓപ്റ്റ് ചെയ്യുന്ന ഏതൊരു വ്യാപാരിയും 2016 ഏപ്രിൽ 1-ാം തീയതി മുതൽ ടാക്സ് പേയേഴ്സ് ഐഡന്റിഫിക്കേഷൻ നമ്പർ (ടിൻ) നേടിയിരിക്കേണ്ടതാണ്;

(ബി) ഏതെങ്കിലും അധികാരസ്ഥാനം മുൻപാകെ തീർപ്പാകാതെ നിലവിലിരിക്കുന്ന എല്ലാ കേസ്സുകളും പിൻവലിക്കേണ്ടതും നികുതിത്തിട്ടപ്പെടുത്തുന്ന അധികാരസ്ഥാനത്തിന് മുമ്പാകെ അതിനുള്ള തെളിവ് ഹാജരാക്കേണ്ടതുമാണ്;

(സി) അപ്രകാരമുള്ള ഓപ്ഷനും തീർപ്പാക്കലും കണക്കിൽപ്പെടാത്ത വാങ്ങലുകൾ കണ്ടെത്തിയിട്ടുള്ള എല്ലാ സാമ്പത്തിക വർഷങ്ങളേയും ഉൾപ്പെടുത്തിക്കൊണ്ടുള്ളതായിരിക്കേണ്ടതാണ്;

(ഡി) വ്യക്തമാക്കാവുന്ന പ്രകാരമുള്ള കൂടുതൽ വ്യവസ്ഥകൾ;

എന്നാൽ, 6-ാം വകുപ്പ്, (5)-ാം ഉപവകുപ്പ് പ്രകാരം, നികുതി നൽകാൻ ഓപ്റ്റ് ചെയ്തിട്ടുള്ളതും 2016 മാർച്ച് 31 വരെയുള്ള കാലയളവിൽ നികുതി തിട്ടപ്പെടുത്തുന്ന അധികാരസ്ഥൻ, കണക്കിൽപ്പെടാത്ത വാങ്ങലുകൾ നടത്തിയതായി കണ്ടെത്തിയിട്ടില്ലാത്ത വ്യാപാരികൾക്കും, അവരുടെ കണക്കിൽപ്പെടാത്ത വാങ്ങലുകൾ സ്വയം പ്രഖ്യാപിക്കാവുന്നതും (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള പദ്ധതി ഓപ്റ്റ് ചെയ്യാവുന്നതും, അപ്രകാരം ചെയ്യുമ്പോൾ അത് സംബന്ധിച്ച് അപ്രകാരമുള്ള വ്യാപാരികൾക്ക് എതിരായി ഈ ആക്റ്റ് പ്രകാരമുള്ള യാതൊരു നടപടികളും ആരംഭിക്കുവാൻ പാടുള്ളതല്ല.

(2) (1)-ാം ഉപവകുപ്പിൻകീഴിലെ കേസ്സുകൾ തീർപ്പാക്കുന്നതിനായി പദ്ധതി പ്രഖ്യാപിച്ച തീയതി മുതൽ മൂന്ന് മാസക്കാലയളവിനുള്ളിൽ നികുതി തിട്ടപ്പെടുത്തുന്ന അധികാരസ്ഥാനം മുൻപാകെ ഓപ്ഷൻ ഫയൽ ചെയ്യേണ്ടതാണ്:

എന്നാൽ (1)-ാം ഉപവകുപ്പിൽ പരാമർശിച്ച പ്രകാരമുള്ള നികുതി തിട്ടപ്പെടുത്തുന്ന അധികാരസ്ഥാനം കണക്കിൽപ്പെടാത്ത വാങ്ങലുകൾ കണ്ടെത്തിയത് സംബന്ധിച്ച് യാതൊരു നോട്ടീസോ ഉത്തരവോ പുറപ്പെടുവിക്കാത്ത സംഗതികളിൽ, ഈ പദ്ധതി പ്രകാരം ഓപ്ഷൻ ഫയൽ ചെയ്യുന്നതിന് വ്യാപാരിയെ സാധ്യമാക്കുംവിധം, അയാൾക്ക് എതിരെ നിലവിലുള്ള കേസ്സുകളെ സംബന്ധിച്ചുള്ള അറിയിപ്പ് നികുതി തിട്ടപ്പെടുത്തുന്ന അധികാരസ്ഥാനം അയാൾക്ക് നൽകേണ്ടതാണ്.

(3) ഓപ്ഷൻ ലഭിക്കുന്നതിന്മേൽ, നികുതി തിട്ടപ്പെടുത്തുന്ന അധികാരസ്ഥാനം, ഒരു ഉത്തരവ് മുഖേന, അയാൾക്ക് മുൻപാകെയുള്ള തെളിവിന്റെ വിശദാംശങ്ങളും (1)-ാം ഉപവകുപ്പിന് അനുസൃതമായി കണക്കാക്കപ്പെട്ടിട്ടുള്ള, നൽകേണ്ടതായ നികുതി തുകയും, അറിയിക്കേണ്ടതാണ്.

(4) തുകയുടെ മുപ്പതു ശതമാനം (2)-ാം ഉപവകുപ്പ് പ്രകാരമുള്ള ഉത്തരവ് ലഭിച്ചത് മുതൽ പതിനാല് ദിവസത്തിനകം നൽകേണ്ടതും ശേഷിക്കുന്ന തുക, തന്റെ ഇഷ്ടാനുസരണം, പന്ത്രണ്ട് തുല്യ മാസത്തവണകളായോ ഒന്നിച്ചോ നൽകേണ്ടതും, ഈ വകുപ്പ് പ്രകാരം തുക നൽകേണ്ട അവസാന തീയതി പന്ത്രണ്ടാമത്തെ ഗഡു നൽകുന്ന തീയതി ആയിരിക്കുന്നതുമാണ്.

(5) ഈ വകുപ്പിലെ വ്യവസ്ഥകൾക്കോ അതിൻകീഴിൽ നൽകിയിട്ടുള്ള നോട്ടീസിനോ ഭംഗം വരാതെ, കമ്മീഷണർക്ക് നികുതി തിട്ടപ്പെടുത്തുന്ന അധികാര സ്ഥാനങ്ങൾക്കും വ്യാപാരികൾക്കും പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നതിന് അപ്രകാരമുള്ള നിർദ്ദേശങ്ങൾ നൽകാവുന്നതാണ്.

(6) ഈ വകുപ്പുപ്രകാരം ഒരു വ്യാപാരി തീർപ്പാക്കിയ കണക്കിൽപ്പെടാത്ത വാങ്ങലുകളെ സംബന്ധിച്ചോ അപ്രകാരമുള്ള കണക്കിൽപ്പെടാത്ത വാങ്ങലുകളുടെ ഫലമായി ഉണ്ടായ മറ്റുക്രമക്കേടുകളെ സംബന്ധിച്ചോ നികുതി തിട്ടപ്പെടുത്തുന്ന അധികാരസ്ഥാനം, ഈ ആക്റ്റിലെ ഏതെങ്കിലും വ്യവസ്ഥകൾ പ്രകാരമുള്ള യാതൊരു തുടർനടപടിയും എടുക്കുവാൻ പാടില്ലാത്തതും, ഈ വകുപ്പുപ്രകാരം അപ്രകാരം തീർപ്പാക്കിയ തുക സംബന്ധിച്ച് യാതൊരു അപ്പീലോ റിവിഷനോ നിലനിൽക്കുന്നതല്ലാത്തതുമാകുന്നു.;

** ** ** **

31. <u>നികുതി കൊടുക്കലും ഈടാക്കലും</u>.—(1) ഈ ആക്റ്റ് പ്രകാരം ഏതെങ്കിലും റിട്ടേൺ കാലയളവിലെ നികുതി നൽകാൻ ബാദ്ധ്യസ്ഥരായ ഓരോ വ്യാപാരിയും, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള കാലയളവിനുള്ളിൽ നികുതി നൽകേണ്ടതാണ്.

(2) ഏതെങ്കിലും നികുതിയോ മറ്റ് തുകയോ ഒരു വ്യാപാരിയിൽ നിന്ന് ആവശ്യപ്പെട്ടിട്ടുള്ള സംഗതിയിൽ, ഡിമാന്റ് നോട്ടീസിൽ പറഞ്ഞിരിക്കാവുന്ന വിധത്തിലും ഗഡുകൾ ഏതെങ്കിലുമുണ്ടെങ്കിൽ അതിലും, നോട്ടീസ് നടത്തുന്ന തീയതി മുതൽ പതിനഞ്ച് ദിവസത്തിൽ കുറയാതെ ഡിമാന്റ് നോട്ടീസിൽ പറയാവുന്ന അങ്ങനെയുള്ള സമയത്തിനുള്ളിലും അടയ്ക്കേണ്ടതാണ്:

എന്നാൽ, ഈ ഉപവകുപ്പു പ്രകാരം നോട്ടീസിനുവേണ്ട പതിനഞ്ച് ദിവസമെന്ന സമയ പരിധി വല്ലപ്പോഴും കച്ചവടം ചെയ്യുന്ന വ്യാപാരികൾക്ക് ബാധകമാകുന്നതല്ല.

(3) (2)-ാം ഉപവകുപ്പ് പ്രകാരം തുക അടയ്ക്കുന്നതിൽ വീഴ്ച വരുത്തുന്ന പക്ഷം വീഴ്ച വരുത്തുന്ന തീയതിയിൽ അടച്ച് തീർക്കുവാനുള്ള മുഴുവൻ തുകയും ഉടൻ കൊടുക്കേണ്ടതായിത്തീരുന്നതും, ഈ ആക്റ്റ് പ്രകാരം നികുതിയോ, മറ്റ് തുകയോ കൊടുക്കുന്നതിന് ബാദ്ധ്യസ്ഥനായ ആളുടെയോ ആളുകളുടെയോ സ്വത്തുക്കളിൻമേലുള്ള ഒരു ചാർജ്ജായിത്തീരുന്നതുമാകുന്നു.

(4) ഒരു വ്യാപാരിയുടെയോ മറ്റേതെങ്കിലും ആളുടെയോ പക്കൽനിന്നും ഈ ആക്റ്റ് പ്രകാരം കിട്ടാനുള്ള ഏതെങ്കിലും നികുതിയോ, മറ്റേതെങ്കിലും തുകയോ ഈടാക്കാനുണ്ടെങ്കിൽ അത്, ഈടാക്കുന്നതിനുള്ള മറ്റേതെങ്കിലും മാർഗ്ഗത്തിന് ഭംഗം വരാത്ത വിധത്തിൽ

(എ) ഭൂനികുതി കുടിശ്ശികയെന്നപോലെ;

(ബി) ഏതെങ്കിലും മജിസ്ട്രേട്ടിന്റെ അടുക്കൽ അപേക്ഷ ബോധിപ്പിച്ച അങ്ങനെയുള്ള മജിസ്ട്രേട്ടിന് അത്, താൻ ചുമത്തിയ പിഴയായിരുന്നാലെന്നപോലെ ഈടാക്കാവുന്നതാണ്;

എന്നാൽ, അങ്ങനെയുള്ള വ്യാപാരിയോ മറ്റ് ആളോ, അതതു സംഗതിപോലെ, അങ്ങനെയുള്ള നികുതിയോ മറ്റ് തുകയോ കൊടുക്കുന്നത് സംബന്ധിച്ച് ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം, താൻ ഏതധികാരസ്ഥന്മാരുടെ അടുക്കൽ അപ്പീൽ ബോധിപ്പിക്കുകയോ റിവിഷന് അപേക്ഷിക്കുകയോ ചെയ്തിരിക്കുന്നുവോ അങ്ങനെയുള്ള ഏതെങ്കിലും അധികാരസ്ഥന്റെ ഉത്തരവനുസരിക്കുന്നിടത്തോളം, അങ്ങനെ ഈടാക്കുന്നതിനുള്ള യാതൊരു നടപടിയും എടുക്കുകയോ തുടരുകയോ ചെയ്യാൻ പാടുള്ളതല്ല.

"(5) ഈ ആക്റ്റ് പ്രകാരം തിട്ടപ്പെടുത്തിയതോ കൊടുക്കേണ്ടതോ ആയ ഏതെങ്കിലും നികുതിയോ മറ്റേതെങ്കിലും തുകയോ ഏതെങ്കിലും വ്യാപാരിയോ ഏതെങ്കിലും ആളോ, ഈ ആക്റ്റിൽ അല്ലെങ്കിൽ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും ചട്ടത്തിൽ അതിലേക്കായി നിർണ്ണയിക്കപ്പെട്ടിട്ടുള്ള സമയത്തിനുള്ളിലും മറ്റുള്ള സംഗതികളിൽ അതിലേക്കായി ഡിമാന്റ് നോട്ടീസിൽ പ്രത്യേകം പറഞ്ഞിട്ടുള്ള സമയത്തിനുള്ളിലും ഏതെങ്കിലും വ്യാപാരിയോ അല്ലെങ്കിൽ മറ്റേതെങ്കിലും ആളോ ഒടുക്കാത്തപക്ഷം, വ്യാപാരി അല്ലെങ്കിൽ മറ്റ് ആൾ, വീഴ്ച വരുത്തിയ നികുതിയിലോ അല്ലെങ്കിൽ മറ്റ് തുകയിന്മേൽ 'പന്ത്രണ്ട് ശതമാനം വാർഷിക നിരക്കിലും വ്യാപാരികൾ അവരിൽ നിന്ന് ചരക്കുകൾ വാങ്ങിയ ആളുകളിൽ നിന്ന് നികുതി പിരിച്ചെടുത്തിട്ടുള്ള സംഗതിയിൽ, മുപ്പത്തിയാറ് ശതമാനം വാർഷിക നിരക്കിലും പലിശ ഒടുക്കേണ്ടതാണ്.

(6) ഏതെങ്കിലും വ്യാപാരി സമർപ്പിച്ചിട്ടുള്ള ഏതെങ്കിലും റിട്ടേണിൽ, തന്റെ വ്യാപാരത്തിന്റെ വിറ്റുവരവ് ഉൾപ്പെടുത്തുവാൻ വീഴ്ച വരുത്തുന്നിടത്തോ ഏതെങ്കിലും വിറ്റുവരവോ നികുതിയോ തിട്ടപ്പെടുത്തുന്നതിന് വിട്ടുപോയിട്ടുള്ളിടത്തോ അങ്ങനെയുള്ള വിറ്റുവരവ് ഏത് കാലയളവുമായി ആണോ ബന്ധപ്പെട്ടിരിക്കുന്നത് ആ കാലയളവിലെ റിട്ടേണിൽ വ്യാപാരി വിറ്റുവരവോ, നികുതിയോ ഉൾപ്പെടുത്തിയിരുന്നെങ്കിൽ, അങ്ങനെയുള്ള നികുതി ഏത് തീയതി മുതലാണോ കൊടുക്കേണ്ടിവരുമായിരുന്നത്, ആ തീയതി മുതൽ അത്തരം നികുതിക്കോ വിറ്റുവരവിന് നൽകേണ്ട നികുതിക്കോ (5)-ാം ഉപവകുപ്പ് പ്രകാരമുള്ള പലിശകൂടി വരുന്നതാകുന്നു.

(7) അപ്പീലിലോ റിവിഷനിലോ മറ്റേതെങ്കിലും നടപടികളിലോ ഉണ്ടായ ഏതെങ്കിലും ഉത്തരവിന്റെ ഫലമായി ഈ ആക്റ്റിൻ കീഴിൽ കൊടുക്കേണ്ടതായ നികുതിയോ മറ്റ് ഏതെങ്കിലും തുകയോ അന്തിമമായി തീർപ്പാക്കുന്നിടത്ത് (5)-ാം ഉപവകുപ്പ് പ്രകാരം ചുമത്തേണ്ട പലിശ അന്തിമമായി തീർപ്പാക്കിയ തുകയിന്മേലായിരിക്കേണ്ടതും ഏതെങ്കിലും കോടതിയോ മറ്റ് ഏതെങ്കിലും അധികാരസ്ഥാനോ നികുതിയോ, മറ്റ് തുകയോ പിരിക്കുന്നത് നിറുത്തിവച്ചിട്ടുള്ളതായ കാലയളവ്, പ്രസ്തുത ഉപവകുപ്പ് പ്രകാരം പലിശ നിർണ്ണയിക്കുന്നതിനുള്ള കാലം കണക്കാക്കുന്നതിൽ നിന്നും ഒഴിവാക്കാൻ പാടുള്ളതല്ല.

(8) 66-ാം വകുപ്പ് പ്രകാരമുള്ള ഏതെങ്കിലും അപ്പീലിന്റെയോ റിവിഷന്റെയോ ഏതെങ്കിലും തിരുത്തലിന്റെയോ ഉത്തരവിന്റെയോ ഫലമായി ഏതെങ്കിലും വ്യാപാരിയോ മറ്റ് ആളോ, നികുതിയോ മറ്റ് ഏതെങ്കിലും തുകയോ കൊടുക്കുവാൻ ബാധ്യസ്ഥരല്ലാത്തിടത്ത് അത്തരം നികുതിയോ, മറ്റ് തുകയോ അടയ്ക്കാത്തതിന് ചുമത്തിയ പലിശ റദ്ദാക്കേണ്ടതും, അങ്ങനെയുള്ള പലിശയായി ഏതെങ്കിലും തുക പിരിച്ചെടുത്തിട്ടുണ്ടെങ്കിൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ (5)-ാം ഉപവകുപ്പ് പ്രകാരം ചുമത്തേണ്ട പലിശ അന്തിമമായി തീർപ്പാക്കിയ തുകയിന്മേലായിരിക്കേണ്ടതും അതതു സംഗതിപോലെ വ്യാപാരിക്കോ മറ്റ് ആളിനോ തിരികെ നല്കേണ്ടതുമാണ്.

(9) 66-ാം വകുപ്പ് പ്രകാരമുള്ള ഏതെങ്കിലും അപ്പീലിന്റെയോ റിവിഷന്റെയോ ഏതെങ്കിലും തിരുത്തലിന്റെയോ ഉത്തരവിന്റെ ഫലമായി, ഏതെങ്കിലും നികുതിയോ മറ്റ് ഏതെങ്കിലും തുകയോ ഏതെങ്കിലും വ്യാപാരിയിൽ നിന്നോ മറ്റ് ആളുകളിൽ നിന്നോ ലഭിക്കുവാനുള്ളത് കുറവ് ചെയ്തിട്ടുള്ളിടത്ത്, അങ്ങനെയുള്ള നികുതിയോ, മറ്റ് തുകയോ അടയ്ക്കാത്തതിന് ചുമത്തിയ പലിശ ആനുപാതികമായി കുറവ് ചെയ്യേണ്ടതും, അങ്ങനെ കുറവ് ചെയ്ത പലിശയിലും കൂടുതലായി പലിശയായി ഏതെങ്കിലും തുക പിരിച്ചെടുത്തിട്ടുണ്ടെങ്കിൽ അങ്ങനെ കൂടുതലായി വാങ്ങിയ തുക, അതതു സംഗതിപോലെ, വ്യാപാരിക്കോ, മറ്റ് ആളിനോ തിരികെ നല്കേണ്ടതാണ്.

(10) ഈ ആക്റ്റ് പ്രകാരം കിട്ടുവാനുള്ള ഏതെങ്കിലും തുക ഈടാക്കുന്നതുമായി ബന്ധപ്പെട്ടുള്ള എല്ലാ നടപടികൾക്കും, 1967-ലെ കേരള നികുതി നിയമങ്ങൾ (വസൂലാക്കൽ നടപടികൾ തുടർന്നുപോകലും സാധൂകരിക്കലും) ആക്റ്റിലെ (1967-ലെ 23) വ്യവസ്ഥകൾ ബാധകമായിരിക്കുന്നതാണ്.

** ** ** **

"55. <u>ഡെപ്യൂട്ടി കമ്മീഷണർ (അപ്പീൽ)ക്കും അസിസ്റ്റന്റ് കമ്മീഷണർ (അപ്പീൽ)ക്കുമുള്ള അപ്പീലുകൾ.</u>—(1) അസിസ്റ്റന്റ് കമ്മീഷണറുടെ പദവിക്ക് മുകളിലല്ലാത്ത ഈ ആക്റ്റ് പ്രകാരം അധികാരപ്പെടുത്തിയിട്ടുള്ള ഒരു അധികാരസ്ഥാനം 16-ാം വകുപ്പോ, 19-ാം വകുപ്പോ, 44-ാം വകുപ്പ് (8)-ഉം (9)-ഉം ഉപവകുപ്പുകളോ, 49-ാം വകുപ്പോ, 67-ാം വകുപ്പോ, 68-ാം വകുപ്പോ, 69-ാം വകുപ്പോ, 70-ാം വകുപ്പോ പ്രകാരമല്ലാതെ അസിസ്റ്റന്റ് കമ്മീഷണറുടെ പദവിക്ക് മുകളിലല്ലാത്തതും ഈ ആക്റ്റ് പ്രകാരം അപ്രകാരം ചെയ്യുവാൻ അധികാരപ്പെടുത്തിയതുമായ ഒരു അധികാരസ്ഥാനം പാസ്സാക്കുന്ന ഏതെങ്കിലും ഉത്തരവോ രേഖപ്പെടുത്തിയ നടപടികളോമൂലം സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും അയാൾക്ക് ഉത്തരവ് കിട്ടിയ തീയതി മുതൽ മുപ്പത് ദിവസക്കാലയളവിനുള്ളിൽ അങ്ങനെയുള്ള ഉത്തരവിനെതിരായി,

(i) ഉത്തരവ് അസിസ്റ്റന്റ് കമ്മീഷണറുടെ പദവിയിലുള്ള ഒരു അധികാര സ്ഥാനം പാസ്സാക്കിയതാണെങ്കിൽ ഡെപ്യൂട്ടി കമ്മീഷണർ (അപ്പീലുകൾ)ക്കും;

(ii) ഉത്തരവ് വാണിജ്യനികുതി ഓഫീസറുടെ പദവിയിലുള്ള ഒരു അധികാര സ്ഥാനം പാസ്സാക്കിയതാണെങ്കിൽ അസിസ്റ്റന്റ് കമ്മീഷണർ (അപ്പീലുകൾ)ക്കും;

അപ്പീൽ ബോധിപ്പിക്കാവുന്നതാണ്:

എന്നാൽ 48, 49, 67, 69, 70, 70 <u>എ</u>, 72 എന്നീ വകുപ്പുകൾ പ്രകാരം പാസ്സാക്കുന്ന ഉത്തരവുകളിന്മേൽ ഡെപ്യൂട്ടി കമ്മീഷണർ (അപ്പീലുകൾ)ക്ക് മാത്രമേ അപ്പീൽ സമർപ്പിക്കുവാൻ പാടുള്ളൂ.

57. <u>അപേക്ഷയിന്മേൽ ഡെപ്യൂട്ടി കമ്മീഷണർക്ക് റിവിഷനുള്ള അധികാരം.</u>—(1) 55-ാം വകുപ്പിലോ, 60-ാം വകുപ്പിലോ അപ്പീലിന് വ്യവസ്ഥ ചെയ്തിട്ടില്ലാത്തതും ഈ ആക്റ്റിന്റെ കീഴിൽ പാസ്സാക്കിയിട്ടുള്ള ഉത്തരവിലോ രേഖപ്പെടുത്തിയിട്ടുള്ള നടപടിയിലോ ആക്ഷേപമുള്ള ഏതൊരാൾക്കും നിർണ്ണയിക്കപ്പെട്ട രീതിയിൽ അയാൾക്ക് ഉത്തരവിന്റെയോ നടപടിയുടെയോ പകർപ്പ് നൽകിയിട്ടുള്ള തീയതി മുതൽ മുപ്പത് ദിവസക്കാലയളവിനുള്ളിൽ ഡെപ്യൂട്ടി കമ്മീഷണർക്ക് അങ്ങനെയുള്ള ഉത്തരവിന്റെയോ നടപടിയുടെയോ റിവിഷനുള്ള ഒരു അപേക്ഷ നൽകാവുന്നതാണ്:

എന്നാൽ, പ്രസ്തുത കാലയളവിനുള്ളിൽ അപേക്ഷ ബോധിപ്പിക്കാതിരുന്നതിന് അപേക്ഷകന് മതിയായ കാരണം ഉണ്ടായിരുന്നുയെന്ന് ഡെപ്യൂട്ടി കമ്മീഷണർക്ക് ബോദ്ധ്യപ്പെടുകയാണെങ്കിൽ പ്രസ്തുത കാലയളവിനുശേഷം ബോധിപ്പിക്കുന്ന റിവിഷനുവേണ്ടിയുള്ള അപേക്ഷ സ്വീകരിക്കാവുന്നതാണ്.

** ** ** **

60. അപ്പലേറ്റ് ട്രൈബ്യൂണലിലേക്കുള്ള അപ്പീൽ.—(1) 55-ാം വകുപ്പ് (5)-ാം ഉപവകുപ്പ് പ്രകാരം ഡെപ്യൂട്ടി കമ്മീഷണറോ (അപ്പീലുകൾ) അല്ലെങ്കിൽ അസിസ്റ്റന്റ് കമ്മീഷണറോ (അപ്പീലുകൾ) അല്ലെങ്കിൽ സർക്കാർ ഇതിലേക്കായി അധികാരപ്പെടുത്തിയ ഏതെങ്കിലും ഉദ്യോഗസ്ഥനോ പാസ്സാക്കിയ ഉത്തരവിന്മേൽ ആക്ഷേപമുള്ള ഏതൊരാൾക്കും ആ ഉത്തരവ് അയാൾക്ക് നൽകിയിട്ടുള്ള തീയതി മുതൽ അറുപത് ദിവസക്കാലയളവിനുള്ളിൽ, അങ്ങനെയുള്ള ഉത്തരവിനെതിരായി അപ്പലേറ്റ് ട്രൈബ്യൂണലിന് നിർണ്ണയിക്കപ്പെട്ട രീതിയിൽ അപ്പീൽ ബോധിപ്പിക്കാവുന്നതാണ്:

എന്നാൽ, പ്രസ്തുത കാലയളവിനുള്ളിൽ അപ്പീൽ ബോധിപ്പിക്കാതിരിക്കുന്നതിന് അപ്പീൽ വാദിക്ക് മതിയായ കാരണം ഉണ്ടായിരുന്നുവെന്ന് അപ്പലേറ്റ് ട്രൈബ്യൂണലിന് ബോദ്ധ്യമാകുന്നപക്ഷം പ്രസ്തുത കാലയളവിനുശേഷം ബോധിപ്പിക്കുന്ന അപ്പീലുകൾ സ്വീകരിക്കാവുന്നതാണ്:

എന്നുമാത്രമല്ല, 58-ാം വകുപ്പുപ്രകാരം സ്വമേധയാ സ്വീകരിച്ച റിവിഷൻ നടപടികൾ നിലവിലുള്ള കേസുകളിൽ അപ്പീൽ നിലനിൽക്കുന്നതല്ല;''

** ** ** **

96. അപ്പീലോ റിവിഷനോ തീർപ്പുകൽപ്പിക്കുന്നതിനുള്ള സമയപരിധി.—ഈ ആക്ടിലെ വ്യവസ്ഥകൾ പ്രകാരം സമർപ്പിക്കുന്ന ഓരോ അപ്പീലോ റിവിഷനോ, അതതു സംഗതിപോലെ, അപ്രകാരമുള്ള അപ്പീലോ റിവിഷനോ സമർപ്പിക്കുന്ന തീയതി മുതൽ ഒരു വർഷത്തിനുള്ളിൽ തീർപ്പാക്കേണ്ടതാണ്:

എന്നാൽ, ഒരുവർഷ കാലാവധി കണക്കാക്കുന്ന ആവശ്യത്തിലേക്കായി ഏതെങ്കിലും ക്ഷമതയുള്ള അധികാരസ്ഥാനം നടപടികൾ നിർത്തിവെച്ച കാലയളവ് ഒഴിവാക്കേണ്ടതാണ്.

** ** ** **